*Uncorrected/Not for publication*

*23-06-2026*

*Question Hour*

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*31), ശ്രീ. കെ. പ്രേമൻ ഹാജരുണ്ടല്ലോ?

വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം

(*31) ശ്രീ. കെ. പ്രേമൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര മെഗാവാട്ടിന്റെ വർധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകാമോ?

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, (എ&ബി) വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർധിച്ചിട്ടുണ്ട്. പുനരുപയോഗ ഊർജ ഉൽപാദന രംഗത്ത് ജലവൈദ്യുത പദ്ധതികൾവഴി ആഭ്യന്തര വൈദ്യുതോൽപാദനത്തിൽ 150.636 മെഗാവാട്ടിന്റെ വർധനവുണ്ടായിട്ടുണ്ട്. സൗരോർജ മേഖലയിൽ ഈ കാലയളവിൽ 2492.459 MW സോളാർ വൈദ്യുതി ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 233.5 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ-ഉം ബാക്കിയുള്ളത് സ്വകാര്യ വ്യക്തികൾ/സംരംഭങ്ങളുടേതുമാണ്. എന്നാൽ സോളാറിൽ സ്ഥാപിതശേഷിയുടെ 11.43 ശതമാനം മാത്രമാണ് ഊർജമായി ലഭിക്കുന്നത്. വിൻഡ് മേഖലയിൽ സ്വകാര്യ കാറ്റാടി നിലയങ്ങൾവഴി 36.65 മെഗാവാട്ടിന്റെ അധിക വൈദ്യുതി ഉൽപാദനം ഉണ്ടായിട്ടുണ്ട്. ഈ

കാലയളവിൽ സ്വകാര്യ സംരംഭകർവഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ 29 മെഗാവാട്ട് സ്ഥാപിതശേഷി വർധനവുണ്ടായി. മഴയുടെ ലഭ്യത കുറഞ്ഞതിനാലും അന്തരീക്ഷ താപനില ഉയർന്ന നിലയിൽ തുടരുന്നതിനാലും വൈദ്യുതിയുടെ ഉപഭോഗത്തിലെ പ്രതിദിന ആവശ്യത്തിന്റെ ഏകദേശം 17% മാത്രമാണ് ആഭ്യന്തര ഉൽപാദനം. മൊത്തം ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി 2220 മെഗാവാട്ടാണ്. അതിൽ പത്തുവർഷക്കാലംകൊണ്ട് 8 ശതമാനത്തിന്റെ വർധനവുണ്ടായി. നമ്മുടെ ആവശ്യം 6000 മെഗാവാട്ടാണ്.

(സി) കേരളത്തിൽ വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനായി 127.50 MW ശേഷിയുള്ള 8 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണവും 88 MW ശേഷിയുള്ള ചെറുകിട പദ്ധതികളുടെ മുന്നൊരുക്കങ്ങളും നടക്കുന്നു. ഇതിനുപുറമേ നിലവിലെ ജലവൈദ്യുത പദ്ധതികളുടെ കപ്പാസിറ്റി അഡിഷൻ/എക്സ്റ്റൻഷൻ സംബന്ധിച്ച PFR/DPR ജോലികളും സാധ്യതാ പഠനങ്ങളും നടന്നുവരുന്നു. ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കുന്നതിനും കേരള പമ്പ്ഡ് സ്റ്റോറേജ് പദ്ധതി നയം രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ പരിഗണിച്ചുവരുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പ്രേമൻ........ ശ്രീ. കെ. പ്രേമൻ......ഹാജരില്ല..... ഹാജരില്ലെങ്കിൽ ആ ക്വസ്റ്റ്യൻ റദ്ദാകും. (ചോദ്യം നം.*32, ശ്രീ. എം. വിജിൻ)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം പുതിയ നിയമസഭാംഗമായതിനാൽ ഒരു അവസരംകൂടി നൽകണം.

മി. സ്പീക്കർ: ശ്രീ. വി. ജോയി. തർക്കിക്കേണ്ട ആവശ്യമില്ല. സീറ്റിൽ ആളില്ലല്ലോ? രണ്ടുപ്രാവശ്യം ഞാൻ വിളിച്ചു. ചോദ്യോത്തരവേള തുടങ്ങിയ സന്ദർഭത്തിലേ പ്രേമനുണ്ടോയെന്ന് ഞാൻ അന്വേഷിച്ചതാണ്. സാധാരണഗതിയിൽ അങ്ങ് കൈയെങ്കിലും ഉയർത്തേണ്ടതായിരുന്നു. ഒന്നും ചെയ്തില്ല. രണ്ടാമത് പേര് വിളിച്ചു; അപ്പോഴും ഇല്ല. മൂന്നാമത് പേര് വിളിച്ചു; അപ്പോഴുമില്ല. രണ്ടാമത്തെ അംഗമായ ശ്രീ. വി. ജോയിയെ വിളിക്കുന്നു.

*23-06-2026*
*Question Hour*

ശ്രീ. വി. ജോയി: സർ, Peak hour-ൽ വൈദ്യുതി കട്ട് ചെയ്യുന്നൊരു സാഹചര്യം പലയിടത്തും സംജാതമായിട്ടുണ്ട്. എത്ര കാലത്തേക്ക് വൈദ്യുതി കട്ട് വേണ്ടിവരുമെന്നത് സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. സണ്ണി ജോസഫ്: സർ, പസഫിക് സമുദ്രത്തിൽ എൽ നിനോ പ്രതിഭാസം ശക്തിപ്രാപിച്ചതിനെത്തുടർന്ന് അന്തരീക്ഷ ഊഷ്മാവ് രാജ്യത്തൊട്ടാകെ വർധിച്ചിട്ടുണ്ട്. ഇത് വൈദ്യുതി ലഭ്യതയിൽ വലിയ തോതിലുള്ള കുറവുണ്ടാക്കിയിട്ടുണ്ട്. കേരളം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് SAP വഴി ജൂൺ 15-ന് ശേഷം വാങ്ങുന്ന വൈദ്യുതി മടക്കിക്കൊടുക്കുമെന്ന വ്യവസ്ഥയിൽ വൈദ്യുതി വാങ്ങിയിട്ടുണ്ട്. അതിനാൽ Peak hour-ൽ വൈദ്യുതി കട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്താൻ സാധിക്കില്ല. ജൂൺ 1-നുതന്നെ മൺസൂൺ എത്തിയെങ്കിലും മഴ വേണ്ടത്ര ശക്തി പ്രാപിക്കാത്തതിനാൽ അന്തരീക്ഷ താപനില കാര്യമായി കുറഞ്ഞിട്ടില്ല. ആകെ 4100 മെഗാവാട്ടിന്റെ ആവശ്യകതയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 4900 മെഗാവാട്ടുവരെ വൈദ്യുതി ഉപയോഗം ഉയരുന്ന സ്ഥിതിയാണുണ്ടായത്. ഉപയോഗത്തിൽ പത്ത് ദശലക്ഷം യൂണിറ്റിന്റെ വർധനവുണ്ടായിട്ടുണ്ട്. ആഭ്യന്തര ഉൽപാദനമായ 1700 മെഗാവാട്ടും കേന്ദ്ര നിലയങ്ങളിൽനിന്നുള്ള 1701 മെഗാവാട്ടും ദീർഘകാല കരാറുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന 612 മെഗാവാട്ടും വൈദ്യുതി പൂർണ്ണതോതിൽ ലഭിക്കുമ്പോഴും മേല്പറഞ്ഞ കാരണങ്ങളാൽ ഏതാണ്ട് 900 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് 2026 ജൂൺ 16 മുതൽ 30 വരെ നിലനിൽക്കുന്നുണ്ട്. പവർ എക്സ്ചേഞ്ചുകളുടെ വൈദ്യുതി ലഭ്യതയും ഈ സവിശേഷ സാഹചര്യത്തിൽ 5 ശതമാനമായി ചുരുങ്ങിയിരിക്കുകയാണ്. ഇക്കാരണങ്ങളാൽ ജൂൺ 16-ന് രാത്രി 9.00 മണിക്കും 12.00 മണിക്കുമിടയിൽ സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ നേരിയ തോതിലുള്ള വൈദ്യുതി നിയന്ത്രണം വന്നിട്ടുണ്ട്. അണക്കെട്ടുകളിൽ കഴിഞ്ഞ പ്രാവശ്യം ഇതേസമയം 47 ശതമാനം ജലനിരപ്പുണ്ടായിരുന്നെങ്കിൽ ഇപ്രാവശ്യം അത് 21.22 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. 16-ാം തീയതി 0.76 മില്ല്യൺ യൂണിറ്റിന്റെയും 17-ാം തീയതി 1.08 യൂണിറ്റിന്റെയും 18-ാം

തീയതി 0.294 യൂണിറ്റിന്റെയും 19-ാം തീയതി 0.125 യൂണിറ്റിന്റെയും വൈദ്യുതിക്കുറവുണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള ചെറിയ തോതിലുള്ള നിയന്ത്രണങ്ങൾ ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. പിന്നീടത് നല്ല നിലയിൽ പുരോഗമിക്കുകയായിരുന്നു. ഇതാണ് സവിശേഷമായ സാഹചര്യം.

ശ്രീ. പി. മമ്മിക്കുട്ടി: സർ, വീടുകളിൽ സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ എത്ര ദിവസംകൊണ്ട് തീർപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രീ. സണ്ണി ജോസഫ്: സർ, പല സാഹചര്യങ്ങൾകൊണ്ടും എത്ര ദിവസമെന്നത് കൃത്യമായി നിഷ്കർഷിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ച അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, കഴിഞ്ഞ പത്തുവർഷം കേരളത്തിൽ പവർക്കട്ടോ ലോഡ് ഷെഡ്ഡിങ്ങോ ഇല്ലാതെ നല്ല നിലയ്ക്ക് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞു. പക്ഷെ അന്നും കേരളത്തിൽ എൽ നിനോ പ്രതിഭാസം നിലനിന്നിരുന്നു. എന്നാൽ അന്ന് ആ സാഹചര്യം മറികടക്കുന്നതിന് അന്നത്തെ ഗവൺമെന്റ് എന്താണോ ചെയ്തത് അതുപോലെ ഇപ്പോഴത്തെ ഗവൺമെന്റും എന്തെങ്കിലും സംവിധാനം സജ്ജീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളുടെ സഹായം തേടാൻ തിരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിൽ വൈദ്യുതിയുടെ ആവശ്യകത ദിനംപ്രതി കൂടിവരുകയാണ്. കണക്ഷനുകളുടെയും ഉപഭോക്താക്കളുടെയും എണ്ണം കൂടുന്നുണ്ട്. കൂടാതെ ചൂടുകൂടുന്ന സാഹചര്യത്തിൽ എ.സി. ഉപയോഗിക്കുന്നവരുടെ എണ്ണം കൂടുകയും വൈദ്യുതി ലഭ്യത കുറയുകയും ചെയ്യുന്നു. വൈദ്യുതി ലഭ്യത വർധിപ്പിക്കുന്നതിനുള്ള നടപടികളായ സോളാർ പ്രോജക്ട്, കാറ്റാടി പ്രോജക്ട്, പമ്പ്ഡ്-സ്റ്റോറേജ് പ്രോജക്ട്, ബാറ്ററി എനർജി പ്രോജക്ട് എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതിൽ ചില പദ്ധതികളുടെ പ്രവർത്തനം പുരോഗതിയിലുമാണ്.

*23-06-2026*
*Question Hour*

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യുതി രംഗത്ത് മലപ്പുറം ജില്ല വളരെയധികം പിന്നോക്കാവസ്ഥയിലാണ് നിലകൊള്ളുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 'മലപ്പുറം പാക്കേജ്' എന്ന പുതിയൊരു പദ്ധതി ആരംഭിച്ചിരുന്നു. എന്നാൽ അതിന്റെ പ്രവർത്തനങ്ങളോ പൂർത്തീകരണമോ മുന്നോട്ട് പോയിട്ടില്ല. 2024-25-ൽ ടേൺ-കീ അടിസ്ഥാനത്തിലാണ് ടി പദ്ധതി ആരംഭിച്ചത്. 2026-ൽ ടി പദ്ധതി വൈദ്യുതി ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ നടപടികൾ നടക്കുന്നതേയുള്ളൂ. മെറ്റീരിയൽസ് കിട്ടാനില്ലെന്ന പ്രയാസം നേരിടുകയാണ്. അതിന്റെ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ടി പദ്ധതിയുടെ ഭാഗമായി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സ്ഥലവും ബിൽഡിങ്ങും നൽകാമെന്നും വാടക നൽകാമെന്നുമൊക്കെ പറഞ്ഞിട്ടും നിലവിലും ടി പദ്ധതി പ്രവർത്തനം സ്തംഭനാവസ്ഥയിൽത്തന്നെയാണ്. വളാഞ്ചേരി മേഖലയിൽ രണ്ട് സബ്സ്റ്റേഷനുകൾ അനുവദിക്കാമെന്ന് പറഞ്ഞിട്ടും അതും അനുവദിച്ചിട്ടില്ല. മലപ്പുറം പാക്കേജിന്റെ പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കാനും മണ്ഡലത്തിലെ ആവശ്യം പരിഗണിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കാം. നിയോജകമണ്ഡലം തലത്തിൽ വൈദ്യുതി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി 04-07-2011-ന് ആര്യാടൻ മുഹമ്മദ് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ എം.എൽ.എ.-മാർ ചേർന്നൊരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റി ഒന്നുകൂടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതാണ്. ഇവിടെ പറഞ്ഞ പ്രാദേശിക വിഷയങ്ങളുൾപ്പെടെ ചർച്ച ചെയ്ത് എത്രയും വേഗത്തിൽ പ്രശ്നപരിഹാരമുണ്ടാക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. കെ. പ്രേമൻ ലെഫ്റ്റ് ഔട്ടായതാണ്. അങ്ങേയ്ക്ക് ഒരു ഉപചോദ്യം ചോദിക്കാവുന്നതാണ്.

*23-06-2026*
*Question Hour*

ശ്രീ. കെ. പ്രേമൻ: സർ, ഈ മൺസൂൺ കാലത്ത് ലോകകപ്പ് നടന്നുകൊണ്ടിരിക്കുമ്പോൾ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുന്നത് കായിക പ്രേമികൾക്കും അല്ലാത്തവർക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതിന്റെ കാരണം വിശദീകരിക്കുമോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. മഴയുടെ കുറവും എൽ നിനോ പ്രതിഭാസവുമൊക്കെയാണ് ഇതിനുകാരണം. കൂടാതെ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കേരളം കടമായി വാങ്ങിയ വൈദ്യുതി തിരികെ നൽകാനുണ്ട്. ജൂണിൽ നല്ല മഴ കിട്ടുമെന്ന പ്രതീക്ഷയിലാണ് അന്നത്തെ ഗവൺമെന്റ് വൈദ്യുതി കടമായി വാങ്ങിയത്. ഈ ഗവൺമെന്റല്ല പ്രസ്തുത വൈദ്യുതി വാങ്ങിയത്. പക്ഷെ പ്രസ്തുത വൈദ്യുതി തിരികെ നൽകേണ്ട ബാധ്യത ഈ സർക്കാരിനുണ്ട്. കായിക പ്രേമികൾക്കും ഫുട്ബോൾ പ്രേമികൾക്കും ഇതുമായി ബന്ധപ്പെട്ട അസൗകര്യം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അതിൽ വിജയം കണ്ടെത്തുക തന്നെ ചെയ്യും.

ശ്രീ. ടി. പി. അഷ്റഫ് അലി: സർ, പുതിയ സബ്സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ നിയോജക മണ്ഡലമായ കൊണ്ടോട്ടിയിൽ 33KV സബ്സ്റ്റേഷന്റെയും പുളിക്കൽ പഞ്ചായത്തിൽ 110KV സബ്സ്റ്റേഷന്റെയും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. അതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ എന്തൊക്കെയാണ്?

ശ്രീ.സണ്ണി ജോസഫ്: സർ, പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. സി. ആർ. മഹേഷ്: സർ, അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയായി അധികാരത്തിൽ വന്നതിനുശേഷം ഒരു മാസത്തിനുള്ളിൽത്തന്നെ ഒട്ടുമിക്ക ജില്ലകളിലും പര്യടനം നടത്തുകയും എല്ലാ എം.എൽ.എ.-മാരെയും ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് അതത് മണ്ഡലങ്ങളിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേൾക്കുകയും വളരെ വേഗത്തിൽ അവയ്ക്ക് പരിഹാരം കാണുവാനും ഇടപെട്ട അങ്ങയുടെ പരിശ്രമത്തെ ഞാൻ അഭിനന്ദിക്കുകയാണ്. കാറ്റടിക്കുന്നതിന് മുമ്പേ ഇലക്ട്രിക് പോസ്റ്റുകൾ ഒടിഞ്ഞുവീഴുകയാണ്. ഇലക്ട്രിക് പോസ്റ്റുകളുടെ നിലവാര

പരിശോധനയിൽ അടിയന്തരമായി ഇടപെടുമോ?

ശ്രീ.സണ്ണി ജോസഫ്: സർ, നിലവാര പരിശോധന അനിവാര്യമാണെങ്കിൽ അത് ചെയ്യാം. നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ എട്ട് ജില്ലകളിൽ ഇതിനോടകം ജനപ്രതിനിധികളെയെല്ലാം ഉൾപ്പെടുത്തിയുള്ള യോഗം വിളിച്ചുചേർത്തിരുന്നു. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ മറ്റു ജില്ലകളിലും യോഗം വിളിച്ചുചേർക്കും. കാലവർഷത്തിന്റെ പ്രയാസങ്ങളുണ്ടാക്കുന്ന കാറ്റിൽ മരം വീണ് പോസ്റ്റ് തകരുന്നതൊക്കെ എത്രയും വേഗം പരിഹരിക്കുന്നതാണ്. പോസ്റ്റിന്റെ നിർമ്മാണത്തിൽ അപാകതകളുണ്ടോയെന്ന് പരിശോധിക്കണമെങ്കിൽ പരിശോധിക്കാം.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റിന് 4.29 പൈസ വില നിശ്ചയിച്ചുകൊണ്ട് 25 വർഷത്തേയ്ക്കുള്ള എഗ്രിമെന്റുണ്ടാക്കിയിരുന്നെന്നാണ് അറിയാനിടയായത്. പക്ഷെ ഇപ്പോൾ വൈദ്യുതി വാങ്ങുന്നത് 9.50 രൂപ, 10 രൂപ, 10.50 രൂപ എന്നീ നിരക്കുകളിലാണ്. എന്തുകൊണ്ടാണ് ഇങ്ങനെ വൈദ്യുതി വാങ്ങേണ്ടി വന്നതെന്നും അന്നത്തെ എഗ്രിമെന്റിന് എന്താണ് സംഭവിച്ചതെന്നും വിശദീകരിക്കാമോ?

ശ്രീ. സണ്ണി ജോസഫ്: സർ, പവർ പർച്ചേസ് എഗ്രിമെന്റ് (പി.പി.എ.) പല തർക്കങ്ങളിലുംപെട്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഇക്കാര്യത്തിൽ റെഗുലേറ്ററി കമ്മിഷന്റെയും കേന്ദ്ര അപ്പലേറ്റ് ട്രിബ്യൂണൽ (APTEL-Appellate Tribunal for Electricity)-ന്റെയും ഇടപെടലുണ്ടാകുകയും സുപ്രീംകോടതിയിൽ അതുസംബന്ധിച്ച് കേസ് നിലനിൽക്കുകയുമാണ്. ഭാവിയിൽ ലോഡ്-ഷെഡിങ് തടയുന്നതിനായി യൂണിറ്റിന് 04.29 പൈസ എന്ന കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉറപ്പാക്കാമെന്ന് സമ്മതിച്ച വിതരണ കമ്പനികൾ, കാലതാമസം നേരിട്ടതുകൊണ്ട് സൗകര്യപൂർവം അതിൽനിന്ന് പിന്മാറാൻ ശ്രമിച്ചു. ഇലക്ട്രിസിറ്റി ആക്റ്റിലെ വകുപ്പ് 108 പ്രകാരമുള്ള ഇടപെടലിന് കാലതാമസം നേരിട്ടതിന്റെ ഫലമായി നമുക്ക് അനുകൂലമായ നിലപാട് കമ്മീഷന്റെ ഭാഗത്തുനിന്ന്

ഉണ്ടായെങ്കിലും അവസാനം വിതരണ കമ്പനികൾ സുപ്രീംകോടതിയെ സമീപിച്ചു. പ്രസ്തുത കേസിന്റെ ഹിയറിങ് അടുത്തയാഴ്ചയാണ്. ആര്യാടൻ മുഹമ്മദ് ആരംഭിച്ച 04.29 പൈസയുടെ സ്കീം നടപ്പാക്കാൻവേണ്ടി ഈ ഗവൺമെന്റ് പരമാവധി പരിശ്രമിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2024 മുതൽ 2026 വരെയുള്ള കാലയളവിൽ മലപ്പുറം ജില്ലയിൽ വൈദ്യുതി പ്രശ്നമുണ്ടായിരുന്നതുകൊണ്ടാണ് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത്. മലപ്പുറം പാക്കേജ് പ്രഖ്യാപിച്ചുവെന്നതല്ലാതെ അവ നടപടികളുമായി മുന്നോട്ടുപോയില്ല. 2024-2025 വർഷത്തെ വൈദ്യുതിയുടെ ടെൻഡർ കഴിഞ്ഞ് നടപടിക്രമങ്ങളുമായി. പക്ഷെ, 2025-2026 വർഷങ്ങളിലെ വൈദ്യുതിയുടെ ടെൻഡർ നടപടികൾ ഒന്നുമായിട്ടില്ല. അതിന് അവർ പ്രധാനമായും പറയുന്ന കാരണം, കെ.എസ്.ഇ.ബി.-ക്കുതന്നെ നിർമ്മാണ ചുമതല നൽകുകയാണെങ്കിൽ അവർക്കുതന്നെ മെറ്റീരിയലുകളും മറ്റും ശേഖരിച്ച് വളരെ പെട്ടെന്ന് അതിന്റെ ഇംപ്ലിമെന്റേഷനിലേക്ക് പോകാൻ കഴിയുമെന്നാണ്. അതുകൊണ്ട് ടെൻഡർ നടപടികൾ ബോർഡിനുതന്നെ നൽകിയാൽ വളരെയധികം ഉപകാരപ്രദമാകും. മലപ്പുറം ജില്ലയിൽ 33 കെ.വി. സബ്സ്റ്റേഷൻ വളരെ കുറവാണെന്നുള്ളതാണ് വൈദ്യുതിക്ഷാമത്തിന് പ്രധാന കാരണം. അതിനാൽ മലപ്പുറം ജില്ലയിൽ 33 കെ.വി. സബ്സ്റ്റേഷൻ കൂടുതലായി തുടങ്ങാൻ പ്രത്യേകിച്ച് പദ്ധതി തയ്യാറാക്കുമോ?

ശ്രീ. സണ്ണി ജോസഫ്: സർ, ആവശ്യമായ നടപടികൾ ആലോചിച്ച് തീരുമാനിക്കും.

*23-06-2026*
*Question Hour*

**എം.എസ്.എം.ഇ.-കൾക്ക് പ്രോത്സാഹനം**

(*32) ശ്രീ. എം. വിജിൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കാരായി രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രശ്നങ്ങൾ നേരിടുന്ന സംരംഭങ്ങളെ കണ്ടെത്തി പരിഹാര നിർദേശങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) തിരഞ്ഞെടുത്ത എം.എസ്.എം.ഇ.-കളെ ശരാശരി നൂറ് കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ മിഷൻ 1000 കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, (എ) ഉണ്ട്. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും മുൻകൂട്ടി കാണാൻ കഴിയാത്തതുമായ അപകടങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി, മിനിമം ഇൻഷ്വറൻസ് പരിരക്ഷയെന്ന നിലയിൽ പ്രീമിയം തുകയുടെ 50 ശതമാനം (പരമാവധി 5000 രൂപ വരെ) റീഇംബേഴ്സ്മെന്റ് നൽകുന്നതാണ്. നിലവിൽ പ്രവർത്തിക്കുന്ന സംരംഭകർക്കും അതുപോലെ പുതിയ സംരംഭകർക്കും ഈ ആനുകൂല്യം ലഭ്യമാണ്.

(ബി) ഉണ്ട്. സംരംഭവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടി നൽകുന്നതിനായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും

എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സംരംഭകർക്കും നിയമം, മാർക്കറ്റിങ്, ഡി.പി.ആർ. തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി., സാങ്കേതികവിദ്യ, ലൈസൻസുകൾ, ബാങ്കിങ് തുടങ്ങിയ മേഖലകളിൽ എംപാനൽ ചെയ്ത വിദഗ്ധരുമായി ആശയവിനിമയം നടത്താനും സംരംഭകത്വവുമായി ബന്ധപ്പെട്ട അവരുടെ സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുമായി ലക്ഷ്യമിട്ടുള്ളതാണ് ഈ ക്ലിനിക്കുകൾ. ഈ സേവനം താലൂക്കുതല എം.എസ്.എം.ഇ. ക്ലിനിക്കുകൾ വഴിയും നൽകിവരുന്നു.

(സി) ഉണ്ട്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന, സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേയ്ക്ക് 534 സംരംഭങ്ങളെ ഇതുവരെ തിരഞ്ഞെടുത്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, കേരളത്തിൽ യുവാക്കൾക്ക് സംസ്ഥാനത്തിനകത്തുതന്നെ തൊഴിൽ നേടാനാകുന്ന വിധത്തിൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ എം.എസ്.എം.ഇ. ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വലിയ മുൻതൂക്കം വഹിക്കാനാകും. രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുമാത്രം 432649 എം.എസ്.എം.ഇ.-കളാണ് 'സംരംഭക വർഷം' പദ്ധതി വഴി നടപ്പാക്കിയത്. ഇതുവഴി 922484 തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു. എന്നാൽ 10000 എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിക്കുമെന്നാണ് ഈ സർക്കാരിന്റെ ബജറ്റിലൂടെ പ്രഖ്യാപിച്ചത്. എൽ.ഡി.എഫ്. സർക്കാർ വളരെ മാതൃകാപരമായി സംഘടിപ്പിച്ച ഈ പദ്ധതിയിൽനിന്നുള്ള ഒരു പിന്നോട്ടുപോക്കാണോ ഇപ്പോഴത്തെ സർക്കാരിന്റെ നയം?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പുതിയൊരു സർക്കാർ അധികാരത്തിൽ വരുമ്പോൾ അതിനൊരു നയമുണ്ടാകില്ലേ? 1000 എം.എസ്.എം.ഇ.-കളെന്ന നിലയ്ക്ക് ഒരു ടാർജറ്റ് പ്രഖ്യാപിച്ചത് നാലാമത്തെ വർഷമാണെന്നുതോന്നുന്നു. അതിന്മേൽ 500 അപേക്ഷകൾ

ലഭിച്ചിട്ടുണ്ട്. എന്നാൽ പെർഫോമൻസിന്റെ സമയം ആകുന്നതല്ലേയുള്ളൂ. പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുതിയ ബജറ്റിൽ പുതിയ സ്കീം പ്രഖ്യാപിച്ചു. അഞ്ച് വർഷമാണ് ഞങ്ങളുടെ കാലാവധി. ഞങ്ങളുടെ ടാർജറ്റ് പതിനായിരമാണ്. ബജറ്റ് പ്രൊവിഷനിൽ 100 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. പഴയ സർക്കാരിന് പഴയ പരിപാടി, പുതിയ സർക്കാരിന് പുതിയ പരിപാടി. തുടർച്ചയാണെങ്കിലും പുതിയ രൂപത്തിലാണ്.

<u>ശ്രീ. എം. വിജിൻ</u>: സർ, എം.എസ്.എം.ഇ. മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് കോമൺ ഫെസിലിറ്റീസ് സർവീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ സംസ്ഥാനത്ത് മുഴുവൻ വ്യവസായ ക്ലസ്റ്ററുകളിലും സി.എഫ്.എസ്.സി. സ്ഥാപിക്കാൻ സർക്കാർ ലക്ഷ്യം വയ്ക്കുന്നുണ്ടോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഉണ്ട്. അത് ഓൺഗോയിങ് പ്രോജക്ടാണ്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകും.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ/ചെറുകിട പാർക്കുകൾ ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിച്ചു. അതിന്റെ നിലവിലെ സ്ഥിതിയെന്താണ്; അതിന്മേൽ അങ്ങയുടെ സർക്കാരിന്റെ നയമെന്താണ്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, സ്വകാര്യ പാർക്കുകൾ, സ്ഥലമുള്ളവർക്ക് അത് ഇൻഡസ്ട്രിയൽ പാർക്കായി പരിവർത്തനം ചെയ്യാനുള്ള ഒരു സ്കീം കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്നു. അസംബ്ലിയിൽ ഞങ്ങളും അതിനോട് യോജിച്ചിരുന്നു. ഒരു സ്ഥലമുണ്ടെങ്കിൽ, സ്ഥലം ഉടമയ്ക്കുകൂടി പങ്കുള്ള സ്വകാര്യ പാർക്കുകളാണെങ്കിൽ അവിടെ റോഡ്, ജലം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ അത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റാക്കാൻ സാധിക്കുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നു. അതിനായി കുറച്ച് അപേക്ഷകൾ ലഭിച്ചിരുന്നു. അത് കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്ന നയമാണ് പുതിയ സർക്കാരിന്റേത്.

*23-06-2026*
*Question Hour*

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, 'ഐഡിയ മതി അഞ്ചുലക്ഷം രൂപയുടെ പലിശരഹിതവായ്പ' - അതൊരു ഗ്യാരന്റിയായിരുന്നു. സംസ്ഥാനത്തെ ചെറുകിട ഇടത്തരം സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഈടില്ലാതെ വായ്പ നൽകാൻ എന്ത് പുതിയ പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നല്ല ഐഡിയയും ഫീസിബിളിറ്റിയും ഉണ്ടെങ്കിൽ ആ സംരംഭം യാഥാർത്ഥ്യമാക്കാൻ ധാരാളം പദ്ധതികളുണ്ട്. സംരംഭകർ കൊണ്ടുവരുന്ന ഐഡിയ എന്തിലാണെന്നുള്ളതാണ് പ്രശ്നം. നൂതന ടെക്നോളജിക്ക് സഹായം ലഭിക്കുന്ന കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും വെഞ്ച്വർ ക്യാപിറ്റൽ ഉൾപ്പെടെയുള്ള പല പദ്ധതികളുണ്ട്. ആശയമാണ് പ്രധാനം. ആശയമുണ്ടെങ്കിൽ അത് ഡെവലപ്പ് ചെയ്യാൻ ആളും സഹായവും സപ്പോർട്ട് ചെയ്യാൻ ഇൻഡസ്ട്രികളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുമുണ്ട്. ആശയങ്ങൾ അതിനനുസരിച്ച് നല്ലതായിരിക്കണമെന്നുമാത്രം.

ശ്രീ. കാരായി രാജൻ: സർ, എം.എസ്.എം.ഇ. മേഖലയിലെ തൊഴിലാളികൾ നിരവധി തൊഴിൽ സുരക്ഷാ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അവരുടെ സാമ്പത്തിക സുരക്ഷിതത്വം അടക്കം നടപ്പാക്കാൻവേണ്ടി ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള പദ്ധതി എത്രത്തോളം ശക്തമായി തുടരാൻ സാധിക്കുമെന്നാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അക്കാര്യമാണ് മെയിൻ ആൻസറിൽ സൂചിപ്പിച്ചത്, എം.എസ്.എം.ഇ.-കൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ പ്രീമിയം അടയ്ക്കാനുള്ള സഹായം മാക്സിമം 5000 രൂപ എന്ന ലിമിറ്റിൽ ഗവൺമെന്റ് സഹായിക്കുന്നതാണ് പ്രസ്തുത പദ്ധതി.

ശ്രീ. നജീബ് കാന്തപുരം: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പത്തുലക്ഷം എം.എസ്.എം.ഇ.-കൾ ആരംഭിക്കുമെന്നാണ് പറഞ്ഞത്. എന്നാൽ നാലുലക്ഷം എം.എസ്.എം.ഇ.-കളാണ് ഇവിടെ ആരംഭിച്ചതെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ നേരത്തെ സൂചിപ്പിച്ചത്. ആ കാലയളവിൽ ഈ നാലുലക്ഷം എം.എസ്.എം.ഇ.-കളിൽ,

നിരവധി തട്ടുകടകൾപോലും റീ-ബ്രാൻഡ് ചെയ്തുവെന്നതാണ് ഏറ്റവും വിചിത്രമായ കാര്യം. യഥാർഥത്തിൽ, ഇതൊന്നും നടന്നില്ല. പല സബ്സിഡികളും ലഭിക്കാത്തതിനാൽ പല ആളുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കാതെ പോയി. റിവേഴ്സ് മൈഗ്രേഷനെക്കുറിച്ച് ശക്തമായി പറയുന്ന കാലഘട്ടമാണിത്. എല്ലാ കോളേജുകളിലും പ്രത്യേകിച്ച്, ടെക് ബേസ്ഡായിട്ടുള്ള എം.എസ്.എം.ഇ. ആരംഭിക്കാനുള്ള ഒരു ഇൻകുബേഷൻ സെന്റർ ഒരു കോളേജിൽ തുടങ്ങിയാൽ വളരെ ഗംഭീരമായി യാഥാർഥ്യമാക്കാൻ സാധിക്കും. കഴിഞ്ഞ സർക്കാർ ഇത് യാഥാർഥ്യമാക്കിയിരുന്നില്ല. കോളേജുകളെക്കൂടി ഇൻകുബേഷൻ സെന്ററുകളാക്കി മാറ്റി പുതിയ എം.എസ്.എം.ഇ.-കൾ തുടരാനുള്ള ഒരു പദ്ധതി സർക്കാരിന് വിഭാവനം ചെയ്യാൻ സാധിക്കുമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, തീർച്ചയായും വിഭാവനം ചെയ്യാൻ സാധിക്കും. എം.എസ്.എം.ഇ.-കൾ എത്ര, അതിന്റെ ടോട്ടൽ സ്റ്റാറ്റിസ്റ്റിക്സ് എത്ര, അത് മുഴുവനും ശരിയായ എം.എസ്.എം.ഇ.-കളാണോ എന്നൊക്കെയുള്ള വിശദ വിവരങ്ങൾ ആധികാരികമായി പറയുന്നതിന് ഇപ്പോൾ എന്റെ കൈവശം രേഖകൾ ഇല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ ക്ലെയിമിനെ സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചതിനുശേഷം വിശദവിവരങ്ങൾ പറയാം. പക്ഷേ കോളേജുകളിൽ പ്രാക്ടിക്കൽ ആയിട്ടുള്ള വിദ്യാഭ്യാസംകൂടി കൊടുക്കുകയെന്നതും ഒരു ക്യാമ്പസ്-ഇൻഡസ്ട്രി ബന്ധം സ്ഥാപിക്കുകയെന്നതും എല്ലാ ഗവൺമെന്റുകളും നിർദേശിക്കുന്ന കാര്യമാണ്. പക്ഷേ അത് പ്രയോഗവൽക്കരിക്കുന്ന കാര്യത്തിൽ കേരളത്തിൽ കുറച്ച് ലിമിറ്റേഷൻസ് ഉണ്ടായിരുന്നു. പുതിയ ഗവൺമെന്റ് വന്നതിനുശേഷം ഹയർ എഡ്യൂക്കേഷൻ മിനിസ്റ്ററും ഞാനുംകൂടി ഇതുസംബന്ധിച്ച് ഒരു ചർച്ച നടത്തിയിട്ടുണ്ട്. അത് പ്രാക്ടിക്കലാക്കുന്നതിനുവേണ്ടി ഞങ്ങൾ ബന്ധപ്പെട്ട ടെക്നീഷ്യന്മാരെയും ഉദ്യോഗസ്ഥരെയും വിളിച്ച് ഒരു ചർച്ച നടത്തുകയുണ്ടായി. തീർച്ചയായും പ്രസ്തുത നിർദേശങ്ങൾ യാഥാർഥ്യമാക്കണം. അല്ലെങ്കിൽ നമുക്ക് ഭാവിയില്ല. കാരണം ഡിഗ്രി പഠിച്ചു പുറത്തുവരുന്ന വിദ്യാർഥികളെ എംപ്ലോയബിൾ ആക്കേണ്ടതുണ്ട്, ബജറ്റ് പ്രസംഗത്തിലും

ഇതുസംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. കോളേജുകളിലാകട്ടെ, എഞ്ചിനീയറിങ് കോളേജുകളിലാകട്ടെ, കുട്ടികൾക്ക് കപ്പാസിറ്റി ഉണ്ടാകണമെങ്കിൽ കപ്പാസിറ്റി ബിൽഡിങ്ങിന്റെ ഒരു എഫേർട്ട് നടത്തേണ്ടതുണ്ട്. അതിന് ഇപ്പോൾ പറയുന്ന കാര്യങ്ങൾ യാഥാർഥ്യമാകണം. കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നാൽ പറ്റില്ല. ഇപ്പോൾ യൂണിവേഴ്സിറ്റികളിലൊക്കെ ഇതുസംബന്ധിച്ച് ധാരാളം തടസ്സങ്ങൾ ഉണ്ട്. ആ തടസ്സങ്ങൾ നീക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ മിനിസ്റ്ററും ഞാനും പങ്കെടുത്ത ഒരു ചർച്ചയിൽ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ ഇത്തവണത്തെ ബജറ്റ് പോളിസിയിൽ ഈ വിഷയം സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. കുട്ടികളുടെ മൈഗ്രേഷൻ കുറയ്ക്കാനും ഇവിടെ എംപ്ലോയ്മെന്റ് കൂട്ടാനുമൊക്കെയുള്ള വലിയൊരു പദ്ധതിയായി അത് നടപ്പാക്കുകയെന്നത് ഗവൺമെന്റിന്റെ വലിയൊരു ലക്ഷ്യം തന്നെയാണ്. ആ നിലയിൽ മുന്നോട്ട് പോകുന്നുണ്ട്. അക്കാഡമിക്-ഇൻഡസ്ട്രി ലിങ്കേജ് എന്നത് ഒരു വലിയ പദ്ധതിയായിത്തന്നെ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എം. എ. റസാഖ് മാസ്റ്റർ</u>: സർ, മാവൂരിൽ സർക്കാർ വക സ്ഥലത്തു പ്രവർത്തിച്ചിരുന്ന ഗ്രാസിം ഫാക്ടറി 25 വർഷമായി അടഞ്ഞുകിടക്കുകയാണ്. അവിടെ ഇപ്പോൾ വന്യമൃഗങ്ങൾ താവളമടിച്ചിരിക്കുകയാണ്. വ്യവസായത്തിന് ഏറ്റവും അനുയോജ്യവും എയർപോർട്ടിൽനിന്നും 21 മിനിട്ടുകൊണ്ട് എത്താവുന്നതുമായ പ്രസ്തുത സ്ഥലത്ത് ഒരു ഇന്റർ നാഷണൽ സ്റ്റേഡിയവും ഐ.റ്റി. ഹബ്ബും ഉൾപ്പെടെ വരികയാണെങ്കിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും. ഹൈദ്രാബാദ്, ബാംഗ്ലൂർ എന്നീ സിറ്റികളെപ്പോലെ ഒരു ഐ.റ്റി. ഹബ്ബായി മാറ്റാൻ പറ്റുന്ന ഏറ്റവും അനുയോജ്യമായ ഈ സ്ഥലത്ത് എന്തെങ്കിലും വ്യവസായ സംരംഭങ്ങൾക്ക് സാധ്യതയുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുമായി ബന്ധപ്പെട്ട് കുറെ ചർച്ചകളും മീറ്റിങ്ങുകളുമൊക്കെ നടത്തി മുന്നോട്ട് പോയിരുന്നു. പക്ഷേ ബിർലയുടെ പങ്കാളിത്തം ഉള്ളതുകൊണ്ടും

അവരുടെകൂടി ഓണർഷിപ്പിലുള്ള സ്ഥലമായതുകൊണ്ടും അവരുടെ സമ്മതത്തോടെ മാത്രമേ ഇക്കാര്യം നടക്കുകയുള്ളൂ. പക്ഷേ അത് ഇപ്പോൾ നടപ്പാക്കാവുന്ന നിലയിലേക്ക് എത്തിയിട്ടുണ്ട്. നിലവിൽ കോടതിയിൽ ഒരു കേസുള്ളതിനാൽ ഔട്ട് ഓഫ് കോർട്ട് സെറ്റിൽമെന്റ് ചെയ്യുകയാണെങ്കിൽ കോഴിക്കോട്ടുള്ള ആ 400 ഏക്കർ സ്ഥലം നമുക്ക് ലഭിക്കുകയും അത് ജോയിന്റ് സെക്ടറിൽ ആക്കേണ്ടി വരികയും ചെയ്യും. എഡ്യൂക്കേഷൻ ബേസിന് പ്രാമുഖ്യം കൊടുക്കണമെന്നാണ് ബിർല ഗ്രൂപ്പിന്റെ താൽപര്യം. സർക്കാരിന് ഇക്കാര്യത്തിൽ വിരോധമില്ല. ഇന്നലെയും മുഖ്യമന്ത്രിയുമായി ഈ വിഷയം സംസാരിച്ചു. ആ 400 ഏക്കർ സ്ഥലം കിട്ടുകയാണെങ്കിൽ കോഴിക്കോടിന്റെ വികസനത്തിൽ അത് വലിയൊരു നാഴികക്കല്ലായിരിക്കും. ഗവൺമെന്റ് ഇക്കാര്യം ഒരു ടോപ്പ് പ്രയോരിറ്റി ആയി എടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബിർലയെ കേരളത്തിലേക്ക് ക്ഷണിച്ചുകൊണ്ട് പേഴ്സണലായി ഞാൻ ഒരു കത്തെഴുതിയിട്ടുണ്ട്. ഞാൻ ആ വിവരം മുഖ്യമന്ത്രിയോട് പറയുകയും ചെയ്തു. അത് യാഥാർഥ്യമാവുകയാണെങ്കിൽ കോഴിക്കോട് നഗരം വലിയൊരു സംഭവമായി മാറും. അത് റസാഖ് മാഷിന്റെ മണ്ഡലം കൂടിയാണ്. വന്യമൃഗങ്ങളിൽ പെരുമ്പാമ്പുവരെയുണ്ടെന്ന് നാട്ടുകാർ പറയുന്നുണ്ട്. അത് ശരിതന്നെയാണ്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ദേശീയ റാങ്കിങ്ങിൽ വ്യവസായ രംഗത്ത് തുടർച്ചയായി രണ്ട് വർഷം ഒന്നാം സ്ഥാനത്തെത്താൻ കേരളത്തിന് കഴിഞ്ഞിരുന്നു. അത്തരം സാഹചര്യത്തിലും എം.എസ്.എം.ഇ.-കൾ ആരംഭിച്ചതിൽ മുപ്പത് ശതമാനംവരെയുള്ളവ പെട്ടെന്നുതന്നെ അവയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അന്തരീക്ഷത്തിൽ എത്തുകയും അത് ക്ലോസ് ചെയ്യുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള എം.എസ്.എം.ഇ.-കളെ ശക്തിപ്പെടുത്താനും അവയ്ക്ക് വീണ്ടും പ്രായോഗികമായി പ്രവർത്തനം ആരംഭിക്കാനും ആവശ്യമായ നടപടികൾക്ക് അങ്ങ് നേതൃത്വം നൽകുമോ ?

*23-06-2026*
*Question Hour*

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് എം.എസ്.എം.ഇ. ക്ലിനിക്കുകൾ. അതത് ജില്ലകളിൽ ഇത്തരം എം.എസ്.എം.ഇ.-കൾക്ക് എന്താണ് കുഴപ്പം എന്നുള്ളത് പരിശോധിച്ച് അഡ്വൈസ് ചെയ്യാൻ ഡി.ഐ.സി.-കളുടെ കീഴിൽ എംപാനൽ ചെയ്ത വിദഗ്ധ സമിതികളുണ്ട്. മാർക്കറ്റിങ്, ബാങ്കിങ്, പ്രാസീഡ്യൂറൽ പ്രോബ്ലം ഇവ പരിശോധിച്ച് അവരെ ഹെൽപ് ചെയ്യാനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്. ഇങ്ങനെയുള്ള എം.എസ്.എം.ഇ.-കളുടെ പ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെടും.

ശ്രീ. പി. കെ. ഫിറോസ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിലെ എല്ലാ പത്ര മാധ്യമങ്ങളിലെയും ഒന്നാമത്തെ പേജിൽ 'ഒരു വർഷം ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ' എന്ന ഒരു പരസ്യം കൊടുത്തിരുന്നു. ഞാൻ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിക്ക് വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ സമർപ്പിച്ച് ഏതൊക്കെയാണ് ഈ വ്യവസായ സംരംഭങ്ങൾ എന്ന് ചോദിച്ചപ്പോൾ അതുസംബന്ധിച്ച് ഒരു മറുപടിയും ലഭിച്ചില്ല. അവസാനം പഞ്ചായത്തുകളെ നേരിട്ട് സമീപിച്ച് അവർ തന്ന ലിസ്റ്റ് പരിശോധിച്ചപ്പോൾ എത്രയോ വർഷങ്ങളായി കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരാണ് അതിൽ കണ്ടത്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് കൊല്ലമായി തുറന്നു പ്രവർത്തിക്കാതെ അങ്ങ് വ്യവസായ മന്ത്രി ആയപ്പോൾ ഉദ്ഘാടനം ചെയ്ത ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉണ്ട്. കഴിഞ്ഞ പത്ത് കൊല്ലമായി ഒരു രൂപപോലും അതിന് അനുവദിക്കാത്തതുകൊണ്ട് അത് കാടുമൂടി കിടക്കുകയാണ്. നാട്ടുകാർ പറയുന്നത് അതൊരു ഫോറസ്റ്റ് ആയി ഡിക്ലയർ ചെയ്യണമെന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് അങ്ങ് ആരംഭിച്ച വ്യവസായ പാർക്കിന് വീണ്ടുമൊരു ജീവൻ കൊടുക്കാൻ അതിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കട്ടിപ്പാറ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ആ സ്ഥാപനം തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

*23-06-2026*
*Question Hour*

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കൊടുവള്ളിയിലുള്ള ആ വ്യവസായ പാർക്കിന്റെ കാര്യം ഇതിനോടകംതന്നെ ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ കോഴിക്കോട് വന്നപ്പോൾ ഇക്കാര്യം സംബന്ധിച്ച് ഒരു ചർച്ചയും നടത്തിയിരുന്നു. വ്യവസായ പാർക്കുകൾ ഇപ്പോൾ വലിയ പ്രയോരിറ്റിയാണ്. കാരണം സ്ഥലങ്ങൾ ഇപ്പോൾ പരിമിതമാണ്. എവിടെയൊക്കെ വ്യവസായ പാർക്ക് ഐഡിൽ ആയിട്ട് കിടക്കുന്നുണ്ടോ അതൊക്കെ പല അംഗങ്ങളും ഇപ്പോൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഐഡിൽ ആയിട്ട് കിടക്കുന്ന വ്യവസായ പാർക്കുകൾക്ക് ജീവൻ വയ്പിക്കുക എന്നത് ഗവൺമെന്റിന്റെ പ്രയോരിറ്റി ആണ്. തീർച്ചയായും കൊടുവള്ളിയിലെ പാർക്ക് സന്ദർശിച്ച് എന്താണ് അവിടെ ചെയ്യാൻ സാധിക്കുകയെന്നും എന്താണ് അതിന്റെ കുഴപ്പം എന്നതും പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കൊച്ചി-കോയമ്പത്തൂർ വ്യാവസായിക ഇടനാഴി വർഷങ്ങൾക്ക് മുമ്പ് ബജറ്റിൽ പ്രഖ്യാപിച്ചതാണ്. കഴിഞ്ഞ ഗവൺമെന്റ് തൃശ്ശൂർ ജില്ലയിലും എറണാകുളം ജില്ലയിലും പാലക്കാട് ജില്ലയിലും ഭൂമി ഏറ്റെടുത്ത് നടപടികൾ സ്വീകരിക്കുമെന്നാണ് അതിൽ പറഞ്ഞിരുന്നത്. പക്ഷേ തൃശ്ശൂർ ജില്ലയെ അവഗണിക്കുന്ന ഒരു അവസ്ഥയാണുണ്ടായിരുന്നത്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നിയോജക മണ്ഡലത്തിൽ ഒരു കിൻഫ്ര പാർക്ക് തുടങ്ങുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കോറിഡോറും പാർക്കുകളുമൊക്കെ പ്രഖ്യാപനമായി അവശേഷിക്കുന്നതിന്റെ പ്രധാന കാരണം അഡ്രസ് ചെയ്യാൻ വേണ്ടിയാണ്. ഇത്തവണ പുതിയ ഗവൺമെന്റ് ബജറ്റിൽ ഒരു പുതിയ കാഴ്ചപ്പാട് പ്രഖ്യാപിച്ചിട്ടുണ്ട്. അതായത് നമുക്ക് ബജറ്റിലുള്ള വളരെ തുച്ഛമായ തുക വച്ചുകൊണ്ട് ലാൻഡ് അക്വയർ ചെയ്യുക എന്നുള്ളത് വളരെ പരിമിതമായേ നടക്കുകയുള്ളൂ. കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്തെന്നാൽ വ്യവസായ ഐഡിയയും ആളുമൊക്കെ ഉണ്ട്.

പാർക്കിനുവേണ്ടി ഈ കൊറിഡോറിലൊക്കെ സ്ഥലം കൊടുക്കാമെന്ന് കരുതിയാൽ നമ്മുടെ കൈവശം സ്ഥലം ഉണ്ടാകില്ലെന്നതാണ്. സ്ഥലം അക്വയർ ചെയ്യാനായി നിലവിലെ ബജറ്റിൽ പുതിയ കാഴ്ചപ്പാടായിത്തന്നെ ചില പദ്ധതികൾ, ഇൻഡസ്ട്രിയൽ സോൺസ് എന്നൊക്കെപ്പറഞ്ഞ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഡീറ്റെയിൽസ് ഗവൺമെന്റ് വർക്ക്ഔട്ട് ചെയ്യുകയാണ്. ഈ കോറിഡോർ വളരെ കാലമായിട്ടുള്ളതാണ്. പക്ഷേ അവിടെ കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. അത് നടത്താനുള്ള ഒരു വലിയ ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും എന്നാണ് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്.

**ഓപ്പറേഷൻ തൂഫാൻ**

(*33) <u>ശ്രീ. വി. ടി. ബൽറാം</u>:
<u>ശ്രീ. മനോജ് മൂത്തേടൻ</u>:
<u>ശ്രീ. ടോണി ചമ്മണി</u>:
<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഓപ്പറേഷൻ തൂഫാനിലൂടെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികളെന്താണെന്നും വിശദമാക്കാമോ;

(ബി) ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിന` നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, (എ) നിലവിലെ സംസ്ഥാന സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരിമരുന്നുകളുടെ

കടത്ത്, സംഭരണം, വിപണനം, ഉപയോഗം എന്നിവ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി കേരള പോലീസ്, എക്സൈസ്, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടി നടപ്പാക്കിവരുന്ന 'ഓപ്പറേഷൻ ത്ഥൂഫാൻ: ദി നാർകോ ഹണ്ട്' പദ്ധതിയുടെ ഭാഗമായി ശക്തമായ നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത്. 02-06-2026-ൽ തിരുവനന്തപുരം കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഔപചാരികമായി ഈ പദ്ധതിയുടെ ഉദ്ഘാടനകർമ്മം നിർവഹിക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി 02-06-2026 മുതൽ 17-06-2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകെ 2954 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3176 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പുകയില ഉൽപന്നങ്ങളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട COTPA നിയമപ്രകാരം 1421 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തെ 84 പോലീസ് സബ്ഡിവിഷനുകളിലായി പ്രത്യേക ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ടീമുകളുടെ സഹായത്തോടെ നിരോധിത മയക്കുമരുന്ന് ഉൽപന്നങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തി തടയുന്നതിനും വിതരണ ശൃംഖല തകർക്കുന്നതിനും ബന്ധപ്പെട്ട കേസുകളിൽ ശാസ്ത്രീയവും സമഗ്രവുമായ അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശക്തമായി തുടരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ ജില്ലകൾ കേന്ദ്രീകരിച്ച് കേരള പോലീസ് 2152-ൽപരം ബോധവൽക്കരണ ക്ലാസുകളും 167 കൗൺസിലിങ് സെഷനുകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ, ലഹരി ഉപയോഗത്തിൽനിന്ന് മോചനം നേടുന്നതിനായി 12 പേരെ ഡി-അഡിക്ഷൻ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്ത് ചികിത്സയും പുനരധിവാസ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം, പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ലഹരിയുമായി ബന്ധപ്പെട്ട വിവരങ്ങൾ രഹസ്യമായി അറിയിക്കുന്നതിനും വേഗത്തിൽ കൈമാറുന്നതിനുമായി 9497979794, 9497927797 എന്നീ ഹെൽപ്‌ലൈൻ നമ്പറുകളും 9995966666 എന്ന

വാട്സ്ആപ്പ് നമ്പരും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ സജീവ സഹകരണത്തിന്റെ ഫലമായി ലഹരി വിൽപനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി 1600-ൽപരം ഫോൺ കോളുകളും 1116 വാട്സ്ആപ്പ് സന്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ലഭിച്ച ഓരോ വിവരത്തിന്മേലും അതിവേഗ പരിശോധന നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതിലൂടെ സംസ്ഥാനത്തെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ലഹരിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനുമുള്ള ശ്രമങ്ങൾ വിജയകരമായി മുന്നേറുകയാണ്.

(ബി) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും സമൂഹത്തിൽ ലഹരിക്കെതിരായ ജാഗ്രതയും ബോധവൽക്കരണവും ശക്തിപ്പെടുത്തുന്നതിനും പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം അനിവാര്യമാണ്. ഇതിന്റെ ഭാഗമായി, ലഹരിവസ്തുക്കളുടെ വില്പന, വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറുന്നതിനായി 9497979794, 9497927797 എന്നീ ഫോൺ നമ്പരുകളും 9995966666 എന്ന വാട്ട്സ്ആപ്പ് നമ്പരും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ അതീവ രഹസ്യമായി കൈകാര്യം ചെയ്യുകയും അവയുടെ അടിസ്ഥാനത്തിൽ ഉടൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി ഇതുവരെ 1600 ഫോൺ കോളുകളും 1116 വാട്ട്സ്ആപ്പ് സന്ദേശങ്ങളും ലഭിച്ചിട്ടുള്ളതും അവയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമനടപടികളും പ്രതിരോധ പ്രവർത്തനങ്ങളും സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ, ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിനായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രതിമാസ യോഗങ്ങൾ പ്രധാനാധ്യാപകരുടെയോ സ്കൂൾ പ്രിൻസിപ്പൽമാരുടെയോ അധ്യക്ഷതയിൽ, സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ കൺവീനർമാരാക്കി സംഘടിപ്പിച്ചുവരുന്നു. ഈ യോഗങ്ങളിൽ സ്കൂൾ പരിസരത്തെ ഓട്ടോ-ടാക്സി ഡ്രൈവർമാർ, വ്യാപാര-വ്യവസായ പ്രതിനിധികൾ, രക്ഷിതാക്കൾ, വിരമിച്ച ഉദ്യോഗസ്ഥർ,

വിവിധ വകുപ്പുകളിലെ പ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. സ്കൂൾ പരിസരങ്ങളിലും പൊതുസ്ഥലങ്ങളിലും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, നിരീക്ഷണ പ്രവർത്തനങ്ങൾ, പ്രതിരോധ നടപടികൾ എന്നിവ ഏകോപിതമായി നടപ്പാക്കുന്നതിനുള്ള വേദിയായും ഈ യോഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതുവഴി സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള ജനങ്ങളെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമാക്കി മാറ്റുകയും ലഹരിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

(സി) ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിനും ലഹരി ഉപയോഗം, വിതരണം, വിപണനം എന്നിവ ഫലപ്രദമായി തടയുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പ്രത്യേക ആന്റി-നാർക്കോട്ടിക്സ് പദ്ധതിയാണ് " ഓപ്പറേഷൻ ഡി-ഹണ്ട്" . സ്കൂൾ-കോളേജ് വിദ്യാർഥികളെ ലക്ഷ്യമിടുന്ന ലഹരിസംഘങ്ങളെയും അന്തർസംസ്ഥാന മയക്കുമരുന്ന് ശൃംഖലകളെ വേരോടെ പിഴുതെറിയുക, ലഹരിവസ്തുക്കളുടെ വിതരണ ശൃംഖല തകർക്കുക, ലഹരിയുടെ ഉറവിടങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 84 സബ്ഡിവിഷനുകളിലായി പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളതും ഈ സംഘങ്ങളുടെ നേതൃത്വത്തിൽ നിരോധിത മയക്കുമരുന്ന് ഉൽപന്നങ്ങളുടെ ഉറവിടം കണ്ടെത്തുന്നതിനും വിതരണ ശൃംഖല തടയുന്നതിനുമായി സമഗ്രമായ അന്വേഷണങ്ങളും രഹസ്യ നിരീക്ഷണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിവരുന്നതുമാണ്. പൊതുജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കുന്നതിനായി യോദ്ധാവ് പദ്ധതിയുടെ വാട്ട്സ്ആപ്പ് നമ്പരായ 9995966666-ഉം, ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഹെൽപ് ലൈൻ നമ്പരുകളായ 9497979794, 9497927797 എന്നിവയും ഉൾപ്പെടുത്തി പ്രത്യേക പ്രചാരണ സാമഗ്രികൾ തയ്യാറാക്കി പത്ര-ദൃശ്യ-ശ്രവ്യ ഓൺലൈൻ മാധ്യമങ്ങൾ മുഖേന വ്യാപകമായി പ്രചരിപ്പിച്ചുവരുന്നു. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ രഹസ്യമായി കൈകാര്യം ചെയ്യുകയും അവയുടെ അടിസ്ഥാനത്തിൽ ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിനും

*23-06-2026*
*Question Hour*

കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. കൂടാതെ, സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി ഉപയോഗവും വിതരണവും ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC), സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (SPG), കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (CPG) എന്നിവയുടെ നേതൃത്വത്തിൽ വിവിധ അവബോധ പരിപാടികൾ, സെമിനാറുകൾ, സംവാദങ്ങൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർക്ക് ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുകയും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ ലഹരിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിവരികയാണ്.

<u>ശ്രീ. വി. ടി. ബൽറാം:</u> സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് ജൂൺ 2 മുതൽ 17 വരെയുള്ള രണ്ടാഴ്ചക്കാലം കൊണ്ട് 2954 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3176 ആളുകളെ അറസ്റ്റ് ചെയ്യുകയും ചെയ്തുവെന്നത് വളരെ അഭിനന്ദനാർഹമാണ്. ഇച്ഛാശക്തിയുള്ളൊരു ഭരണകൂടം നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോയാൽ എന്താണ് ചെയ്യാൻ കഴിയുക എന്നതിന് ഉദാഹരണമാണിത്. കഴിഞ്ഞ പത്തുവർഷം ഇത്തരിലുള്ള സ്ട്രോങ് എൻഫോഴ്സ്മെന്റില്ലാതെ പോയത് എന്തുകൊണ്ടാണെന്നുള്ളതാണ് സ്വാഭാവികമായും ഉയർന്നുവരുന്ന ചോദ്യം. കേരളം തെക്കേ ഇന്ത്യയിലെ നാർക്കോ ഹബ്ബായി മാറുന്നുണ്ടോയെന്ന സംശയത്തിന്റെ സാഹചര്യം ഇവിടെയുണ്ടായത് കഴിഞ്ഞ പത്തുവർഷത്തെ ഭരണപരാജയമായി കാണേണ്ടതായി വരും.

<u>മി. സ്പീക്കർ:</u> ചോദ്യം.. ചോദ്യം..

*23-06-2026*
*Question Hour*

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. ഇനിയെങ്കിലും നമ്മൾ യോജിക്കേണ്ട വിഷയമാണിത്. ഡി-അഡിക്ഷന്റെ ഭാഗമായി 'വിമുക്തി' ഉൾപ്പെടെയുള്ള പദ്ധതികളുടെ ഭാഗമായി നൽകുന്ന മരുന്നുകൾപോലും മറ്റ് രീതിയിൽ ദുരുപയോഗപ്പെടുത്തി ലഹരിവസ്തുക്കളാക്കി മാറ്റുകയാണ്. മരുന്ന് ഉള്ളിൽ കഴിച്ചാൽ പ്രശ്നമില്ല, പകരം, അത് വെള്ളത്തിൽ ലയിപ്പിച്ച് ഇഞ്ചക്ട് ചെയ്താൽ അത് ലഹരി മരുന്നായി മാറുകയാണ്. അതിനാൽ മരുന്നുകളുടെ ദുരുപയോഗത്തെ കർശനമായി നിയന്ത്രിക്കാനും ഇക്കാര്യത്തിൽ കൃത്യമായ പ്രോട്ടോക്കോൾ തയ്യാറാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, മയക്കുമരുന്നിന്റെ വ്യാപനം കേരള സംസ്ഥാനത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ്. ഇന്ന് കോളേജുകളിലും സ്കൂളുകളിലും പൊതുസ്ഥലങ്ങളിലുമെല്ലാം മയക്കുമരുന്നിന്റെ വ്യാപനം ശക്തമാണ്. ഒരു കാലത്ത് കേരളത്തിൽ ഇത്തരം പ്രവർത്തനങ്ങളില്ലായിരുന്നു. പക്ഷെ ഇന്ന് പഞ്ചാബിനെപോലും കടത്തിവെട്ടുന്ന തരത്തിൽ മയക്കുമരുന്നിന്റെ വ്യാപനം ശക്തമാണ്. അതിനെതിരെയുള്ള പോരാട്ടമാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഒരു ദിവസം കൊണ്ട് ഇത് സാധിതപ്രായംമാകാമെന്ന തെറ്റിദ്ധാരണയൊന്നും ഞങ്ങൾക്കില്ല. കൂട്ടായ പരിശ്രമത്തിന്റെ അനിവാര്യതയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇതിൽ കക്ഷിയോ രാഷ്ട്രീയമോ ഒന്നുമില്ല. മയക്കുമരുന്ന് തടയാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊള്ളുകയും അതിനുവേണ്ടി ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരമേഖല ഐ.ജി. പുട്ട വിമലാദിത്യയെ കോ-ഓർഡിനേറ്ററായി നിയമിച്ചുകൊണ്ട് 87 ഡിവിഷനിലും ശക്തമായ നടപടികൾ സ്വീകരിക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാ ആളുകളുടെയും യുവജന സംഘങ്ങളുടെയും സഹായം ലഭിക്കുന്നുണ്ട്. കൂടാതെ വിദ്യാർഥി സംഘടനകളുടെ സഹായം തേടിയിട്ടുണ്ട്. 140 എം.എൽ.എ.-മാർക്കും ഇതിന്റെ ആവശ്യകത കത്ത് മുഖാന്തരം അറിയിക്കുകയും അവരുടെ സഹകരണം തേടുകയും ചെയ്തിട്ടുണ്ട്. ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമാണ്. അന്നേ ദിവസം എല്ലാ

എം.എൽ.എ.-മാരും അവരുടെ നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിൽ ഈ പ്രതിജ്ഞയെടുക്കാനും പദ്ധതി ഔപചാരികമായി ആരംഭിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച 'വിമുക്തി'യുടെ കാര്യം, അതായത് എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് റീഹാബിലിറ്റേഷൻ ഉൾപ്പെടെ ധാരാളം ആശുപത്രികൾ മുന്നോട്ടുവരുന്നുണ്ട്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. റോജി എം. ജോൺ-ന്റെ നേതൃത്വത്തിൽ അങ്കമാലിയിലെ ലിറ്റിൽ ഫ്ലവർ ആശുപത്രിയിൽ ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ, ആൽക്കഹോൾ വിത്ഡ്രോവൽ സിൻഡ്രോം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ധാരാളം ആളുകൾ സഹായവുമായി മുന്നോട്ടുവന്നിട്ടുണ്ട്. അവയെല്ലാം സർക്കാർ സ്വീകരിക്കും. എല്ലാ ജനങ്ങളെയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബഹുജന മുന്നേറ്റമായി മാറ്റുക എന്നതാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. വി. ടി. ബൽറാം:</u> സർ, പൊലീസാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട എൻഫോഴ്സ്മെന്റ് ഏജൻസിയായി നിൽക്കേണ്ടത്. പല സ്ഥലങ്ങളിലും പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ, അവരുടെ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യത്തിലല്ല നിൽക്കുന്നത്. പൊലീസ് സ്റ്റേഷന്റെ അടിസ്ഥാനസൗകര്യങ്ങൾ വളരെ പരിതാപകരമാണ്. ഉദാഹരണമായി എന്റെ നിയോജകമണ്ഡലമായ ചാലിശ്ശേരിയിൽ വലിയ പൊലീസ് സ്റ്റേഷനാണുള്ളത്. ധാരാളം ഏരിയയുമുണ്ട്, പക്ഷെ കാലങ്ങളായി കാലപ്പഴക്കംവന്ന് ഇടിഞ്ഞ് പൊളിഞ്ഞ് പാമ്പും പഴുതാരയുമൊക്കെ കയറിയിറങ്ങുന്ന കെട്ടിടവും അവരുടെ ക്വാർട്ടേഴ്സുമൊക്കെയാണുള്ളത്. അങ്ങ് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തിക്കൊണ്ട് ഇത്തരം പൊലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ കെട്ടിട നിർമ്മാണത്തിനുമെല്ലാം പ്രത്യേക ഫണ്ട് അനുവദിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, കേന്ദ്ര ഗവൺമെന്റ് പൊലീസ് മോഡേണൈസേഷന് (Police modernisation) ഫണ്ട് അനുവദിക്കാറുണ്ട്. ഇത്തവണയും ഫണ്ട് ലഭിച്ചിട്ടുണ്ട്. ഏതു

പൊലീസ് സ്റ്റേഷനാണോ ഏറ്റവും മോശമായ അവസ്ഥയിലുള്ളതെന്ന് കണ്ടെത്തി മുൻഗണനാ ക്രമത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ കേരള പൊലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ചാലിശ്ശേരി പോലീസ് സ്റ്റേഷൻ മോശമായ സ്ഥിതിയിലാണെങ്കിൽ തീർച്ചയായും പരിഗണന നൽകുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

<u>ശ്രീ. മനോജ് മൂത്തേടൻ</u>: സർ, നമ്മുടെ നാടിനെ ഗൗരവമായി ബാധിക്കുന്ന ലഹരി വ്യാപനത്തിനെതിരെ ഈ സർക്കാർ സ്വീകരിച്ചിരിക്കുന്ന ഏറ്റവും ശക്തമായ മുന്നേറ്റമാണ് 'ഓപ്പറേഷൻ ത്വഫാൻ'. ഇതുസംബന്ധിച്ച് ഏറ്റവും കൂടുതൽ റെയിഡുകളും അറസ്റ്റുകളും നടക്കുന്നത് എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലാണ്. കാരണം ഒരുലക്ഷത്തിലധികം അന്യസംസ്ഥാന തൊഴിലാളികൾ അധിവസിക്കുന്ന പെരുമ്പാവൂരിൽ അതിശക്തമായ മുന്നേറ്റമാണ് നടക്കുന്നത്. ഇതുസംബന്ധിച്ച് പിടിക്കപ്പെടുന്ന ആളുകൾ അവരുടെ കൈവശമുള്ള ലഹരിവസ്തുക്കളുടെ അളവ് കുറവാണ് എന്ന കാരണത്താൽ ജാമ്യത്തിലിറങ്ങുകയാണ്. അതിനാൽ അളവ് പരിഗണിക്കാതെ, ജാമ്യം ലഭിക്കാത്ത തരത്തിൽ ലഹരിവസ്തുക്കൾ വ്യാപിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻവേണ്ടി പുതിയ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ? മറ്റൊന്ന്, നേരത്തെ സൂചിപ്പിച്ചതുപോലെ പെരുമ്പാവൂരിൽ ധാരാളം കേസുകൾ ഓരോ ദിവസവുമുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ പൊലീസ് അതിശക്തമായി മുന്നോട്ടുപോകുന്നുണ്ടെങ്കിലും അവരുടെ എണ്ണം കുറവായതിനാൽ വേണ്ടരീതിയിലും ഉദ്ദേശിക്കുന്ന തലത്തിലും കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. അതിനാൽ പൊലീസ് സേനയുടെ എണ്ണം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ ഇതിന്റെ സോഴ്സാണ് പ്രധാനം. അന്യസംസ്ഥാന തൊഴിലാളികൾ മാത്രമല്ല, അതിഥി തൊഴിലാളികളായ ചില വ്യക്തികൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും നിരോധിത പുകയില ഉൽപ്പന്നങ്ങൾ, മയക്കുമരുന്നുകൾ എന്നിവ

കൊണ്ടുവരുന്നുണ്ട്. ഇതുസംബന്ധിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ തെക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്ക് കത്ത് അയച്ചിട്ടുണ്ട്. ആ കത്തിൽ പ്രധാനമായും സൂചിപ്പിക്കുന്നത് അവരുടെ സഹകരണം തേടുക എന്നതാണ്. കാരണം ഈ നിരോധിത പുകയില ഉൽപ്പന്നങ്ങളും മയക്കുമരുന്നും കേരളത്തിലേക്ക് വരുന്ന റൂട്ടും പരാമർശിച്ചുകൊണ്ടാണ് മുഖ്യമന്ത്രി ആ കത്ത് അയച്ചിരിക്കുന്നത്. കൂടാതെ, കേരളത്തിലെ ഡി.ജി.പി. മറ്റ് ഡി.ജി.പി.-മാരുമായി ബന്ധപ്പെടുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതോടൊപ്പം കേരളത്തിൽ പ്രവർത്തിക്കുന്ന, കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടേയും യോഗം വിളിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ നേവി, കസ്റ്റംസ്, സി.ആർ.പി.എഫ്., ഇന്റലിജൻസ്, കോസ്റ്റൽ പൊലീസ്, ഡി.ആർ.എ. എന്നിവിടങ്ങളിലെ ഓഫീസർമാർ പങ്കെടുക്കുകയും അവരെല്ലാം ഈ പ്രവർത്തനത്തോട് സഹകരിക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. നമ്മൾ വളരെ സജ്ജമായും ആസൂത്രിതവുമായ നിലയിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നും.... രണ്ട് വിദേശ പൗരൻമാരെ അറസ്റ്റ് ചെയ്തു. പത്തനംതിട്ടയിൽ പന്തളം പൊലീസാണ്. രണ്ട് നൈജീരിയൻ സ്വദേശികളാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട കണ്ണി. ഒരാളെ ഡൽഹിയിൽവച്ച് കേരളാ പോലീസ് വളരെ ശ്രമകരമായ രീതിയിൽ സംഘട്ടനത്തിലൂടെ അറസ്റ്റ് ചെയ്തു. ഒരു നൈജീരിയൻ യുവതിയെ ബാംഗ്ലൂരിൽനിന്നും കേരള പോലീസ് വളരെ ശ്രമകരമായ രീതിയിൽ അറസ്റ്റ് ചെയ്തു. നമ്മൾ അതിന്റെ സോഴ്സിലേക്ക് പോകുകയാണ്. പെരുമ്പാവൂർ ഇതിന്റെയൊരു കേന്ദ്രമാണ്. അതുകൊണ്ടാണ് പോലീസ് വളരെ ശക്തമായ നിലപാടെടുക്കുകയും പൊലീസിന്റെ ആ നടപടിയെ എല്ലാ പത്രമാധ്യമങ്ങളും അഭിനന്ദിക്കുകയും ചെയ്തത്. ശക്തമായ നടപടിയുമായി മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. മനോജ് മൂത്തേടൻ ചൂണ്ടിക്കാണിച്ചതുപോലെ ശക്തമായി തന്നെ മുന്നോട്ടുപോകും. അദ്ദേഹം ഇവിടെ സൂചിപ്പിച്ചൊരു കാര്യം ശരിയാണ്, എൻ.ഡി.പി.എസ്. ആക്റ്റ് കേന്ദ്ര ആക്റ്റാണ്. കേന്ദ്ര ആക്റ്റിൽ കൈവശം വയ്ക്കാവുന്ന ക്വാണ്ടിറ്റിയെക്കുറിച്ച് പറയുന്നുണ്ട്. അതാണ് നമ്മുടെ ഏറ്റവും വലിയ പ്രശ്നം. ഞാൻ മുമ്പ് ആഭ്യന്തര മന്ത്രിയായിരുന്ന കാലത്തും കേന്ദ്ര

ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയതാണ്. പക്ഷെ അവരത് നിരോധിക്കാത്തതിന്റെ കാരണം, ചില മരുന്നുകൾക്ക് ഇത് പ്രയോജനപ്പെടുമെന്നുള്ള ഒരു കാര്യം ഇതിനുള്ളതുകൊണ്ടാണെന്നാണ് അന്നത്തെ കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിങ് പറഞ്ഞത്. എങ്കിലും എം.പി.-മാരുടെ യോഗത്തിൽ ഇക്കാര്യം ഉന്നയിക്കും. കേന്ദ്രഗവൺമെന്റ് നിയമഭേദഗതി വരുത്തണം. രാജ്യത്തിന്റെ ഭാവിയെ, തലമുറയെ ഓർത്തുകൊണ്ട് ഈ മയക്കുമരുന്ന് വ്യാപനം നടത്തുന്ന, വില്പന നടത്തുന്ന, ഉപയോഗിക്കുന്നവരെയെല്ലാം കർശനമായി ശിക്ഷിക്കാൻ എൻ.ഡി.പി.എസ്. ആക്റ്റിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടുന്നതാണ്.

<u>ശ്രീ. ടോണി ചമ്മണി</u>: സർ, കേരളത്തിന്റെ വർത്തമാനകാലം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ലഹരിയുടെ വ്യാപനം. അവ തടയുന്നതിനുവേണ്ടി ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള ഓപ്പറേഷൻ തൂഫാൻ ഈ ദിശയിൽ വലിയ പ്രതീക്ഷ നൽകുന്നതാണ്. ആ പദ്ധതിയുടെ അടുത്ത ഘട്ടമായി യുവജനങ്ങൾക്കും വിദ്യാർഥികൾക്കും ബോധവൽക്കരണം നൽകുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; മറ്റു വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് കർമ്മപദ്ധതികൾ ആരംഭിക്കുന്നുണ്ടോ; അതുസംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. ടോണി ചമ്മണി ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. നമ്മുടെ യുവാക്കളിൽ അവബോധം വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി യുവജന വിദ്യാർഥി സംഘടനകളുടെ പ്രതിനിധികളെ വിളിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. രാഷ്ട്രീയ ഭേദമെന്യേ എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ടും യോജിപ്പിച്ചുകൊണ്ടുമാണ് പദ്ധതി നടപ്പാക്കുന്നത്. സന്നദ്ധസംഘടനകൾ, സാമൂഹ്യപ്രസ്ഥാനങ്ങൾ, മതസംഘടനകൾ തുടങ്ങിയവർക്കെല്ലാം അവരുടേതായ പങ്കുവഹിക്കാൻ കഴിയും. അവരെ എല്ലാവരെയും യോജിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുകയാണ്. മൂന്ന് ഘട്ടമായാണ് പദ്ധതി നടപ്പാക്കുന്നത്. ഒന്ന്, തൂഫാൻ ഹണ്ട്. നിയമവിരുദ്ധമായി പ്രവൃത്തിക്കുന്നവരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയമത്തിനുമുന്നിൽ കൊണ്ടുവരിക എന്നതാണ് തൂഫാൻ ഹണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. രണ്ട്, തൂഫാൻ വാരിയേഴ്സ്. സമൂഹത്തിലെ ഏറ്റവും

പ്രധാനപ്പെട്ട എല്ലാവരെയും ഭേദവ്യത്യാസങ്ങളില്ലാതെ ക്ലൂഫാൻ വാരിയേഴ്സ് ആക്കുകയാണ്. എസ്.പി.സി.-യിലെ കുട്ടികൾ ഉൾപ്പെടെ ആയിരക്കണക്കിനാളുകൾ ക്ലൂഫാൻ വാരിയേഴ്സാണ്. സമൂഹത്തിലെ പ്രധാനപ്പെട്ട ആളുകളെയെല്ലാം ക്ലൂഫാൻ വാരിയേഴ്സാക്കുന്നതിലൂടെ ഒരു സന്ദേശം നൽകാനാകും. ഞങ്ങളെല്ലാവരും ലഹരിക്കെതിരാണെന്ന സന്ദേശം നൽകി മുന്നിൽ നിർത്താൻവേണ്ടി ക്ലൂഫാൻ വാരിയേഴ്സുണ്ടാക്കുന്നു. കേരളത്തിൽ ഒരു മില്യൺ ക്ലൂഫാൻ വോളണ്ടിയേഴ്സിനെയുണ്ടാക്കുകയാണ് നമ്മുടെ ലക്ഷ്യം. മൂന്നാമത്തേത് ക്ലൂഫാൻ കെയർ, ലഹരിക്കടിമപ്പെട്ടവരുടെ റീഹാബിലിറ്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളാണത്. യുവജന വിദ്യാർത്ഥി സംഘടനകൾ പ്രധാനപ്പെട്ട ഘടകമാണ്. അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയാണിതെന്ന വിവരം ബഹുമാനപ്പെട്ട അംഗം ശ്രീ. ടോണി ചമ്മണിയെ അറിയിക്കുന്നു.

<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: സർ, ഈ ആധുനിക കാലഘട്ടത്തിൽ നാം ഏറ്റവും കൂടുതൽ നേരിടുന്ന വെല്ലുവിളിയാണ് ലഹരിയുടെ ഉപയോഗം. പ്രത്യേകിച്ചും കൊച്ചി പോലുള്ളൊരു പ്രദേശത്തെ ലഹരിയുടെ ഹബ്ബാക്കി മാറ്റാൻ വേണ്ടിയുള്ള വലിയ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനെതിരായി ആഭ്യന്തര വകുപ്പിന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന ഓപ്പറേഷൻ ക്ലൂഫാന്റെ പ്രവർത്തനങ്ങളെ പ്രത്യേകിച്ച് അഭിനന്ദിക്കുന്നു. വൻകിട ഹോട്ടലുകളിൽ പ്രത്യേകിച്ച് ഫൈവ്സ്റ്റാർ, സെവൻ സ്റ്റാർ ഹോട്ടലുകളിൽ വലിയ ഡി.ജെ. പാർട്ടികൾ നടക്കുന്നുണ്ട്. ആ പാർട്ടികളിലും അതുപോലെ ചില യുവ സിനിമാ പ്രവർത്തകരുടെ നേതൃത്വത്തിൽ നടക്കുന്ന സിനിമാ സെറ്റുകളിലും ഇത്തരം ലഹരിയുടെ വ്യാപനമുണ്ടെന്നുള്ള വാർത്തകൾ വരുന്നുണ്ട്. അവിടെയെല്ലാം പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? എറണാകുളത്തെ ഒരു ഹോട്ടലിൽ ഒരു സിനിമാ നടനെ അന്വേഷിച്ചുചെന്ന പോലീസ്..., നൂറ് മീറ്റർ ഓട്ടത്തിൽ ഉത്തേജനമരുന്ന് ഉപയോഗിച്ചിട്ടുണ്ടെന്നത് വാർത്താമാധ്യമങ്ങളിലൂടെയും മുൻകാലചരിത്രങ്ങളിലൂടെയും നമുക്ക് മനസ്സിലാക്കാൻ കഴിയും. പോലീസ് സിനിമാ നടനെ അന്വേഷിച്ച് ചെന്നപ്പോൾ ഹോട്ടലിൽനിന്ന് പുറത്തേയ്ക്കുചാടി ഓടിയ അദ്ദേഹം കോയമ്പത്തൂർ ചെന്നാണ് നിന്നത്.

അത്യയധികം ഉത്തേജനം ലഭിക്കുന്ന മരുന്ന് നമ്മുടെ നാട്ടിലുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ഇങ്ങനെ നിരന്തരമായി വന്നുകൊണ്ടിരിക്കുകയാണ്. നിയമത്തിലെ അപാകതകൾ ഇതിനകത്തുണ്ടെന്നതാണ് ആഭ്യന്തര വകുപ്പുമന്ത്രി മുമ്പ് നൽകിയ മറുപടിയിൽ വ്യക്തമാക്കിയത്. അതുകൊണ്ട് കുറ്റവാളികൾക്ക് കർശനമായ ശിക്ഷ നൽകാൻവേണ്ടി നിയമപരമായ നടപടികൾകൂടി അടിയന്തരമായി ഉണ്ടാകുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. മുഹമ്മദ് ഷിയാസിന്റെ ഈ ചോദ്യം വളരെ പ്രസക്തമാണ്. സർക്കാർ ഈ പദ്ധതി ആരംഭിക്കുന്നതിനുമുമ്പുതന്നെ ഒരു മുന്നറിയിപ്പ് എല്ലാവർക്കും നൽകിയിരുന്നു. സജീവമായി നിരോധിത പുകയില ഉൽപ്പന്നങ്ങളോ മയക്കമരുന്നുകളോ വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന ആളുകൾ അത് ഉപേക്ഷിക്കണം, അവർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്ന് കേരള പോലീസിന് നിർദേശം നൽകിയിരുന്നു. അത് കാരവാനാണെങ്കിലും ഡി.ജെ. പാർട്ടിയാണെങ്കിലും ഫൈവ് സ്റ്റാർ ആണെങ്കിലും അതിശക്തമായ നടപടിയുണ്ടാകുമെന്ന് ഞാൻ അറിയിക്കുകയാണ്. അതിലൊന്നും ഒരു വിട്ടുവീഴ്ചയുമില്ല. സിനിമാ നടനാണോ സാധാരണക്കാരനാണോ എന്നുള്ളതല്ല പ്രശ്നം. നിയമം ലംഘിക്കുന്നത് ആരാണെങ്കിലും അവർക്കെല്ലാവർക്കും ഒരുപോലുള്ള പരിഗണന മാത്രമേ ഉണ്ടാകുകയുള്ളൂ. ശ്രീ. മുഹമ്മദ് ഷിയാസിന്റെ ചോദ്യത്തിൽ പരാമർശിച്ച ഹോട്ടലിനെയും വ്യക്തിയെയും എനിക്കറിയാം. ആരാണെന്ന് ഞാനിവിടെ പറയുന്നില്ല. 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയിൽ ആദ്യത്തെ തൂഫാൻ വാരിയർ ആയത് പ്രശസ്ത സിനിമാനടൻ ശ്രീ. മോഹൻലാലാണ്. ഇപ്പോൾ നിരവധി പ്രമുഖരായ ആളുകൾ മുന്നോട്ടുവരുന്നുണ്ട്. എല്ലാവരുടെയും പേര് പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. പ്രതിപക്ഷവും ഭരണപക്ഷവും എല്ലാവരും ഒരുമിച്ചുചേർന്ന് മുന്നോട്ടുപോയാൽ മാത്രമേ ഭാവിതലമുറയെ രക്ഷിക്കാൻ സാധിക്കുവെന്ന ചിന്തയോടെ നാം പ്രവർത്തിക്കണമെന്നതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പോത്തൻകോട് പോലീസ് സ്റ്റേഷനിൽ കഞ്ചാവുമായി പിടിയിലായ പ്രതിക്ക് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ജാമ്യം കിട്ടിയെന്നുള്ള

*23-06-2026*
*Question Hour*

കാര്യം അങ്ങ് അറിഞ്ഞിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കോടതി പരാമർശം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്ന് പറഞ്ഞ അങ്ങയുടെ പ്രസ്താവനയോട് ഞാൻ അനുഭാവം പ്രകടിപ്പിക്കുന്നു; സ്വാഗതം ചെയ്യുന്നു. അപക്വവും രാഷ്ട്രീയപ്രേരിതവും വിവരംകെട്ടതുമായ പ്രസ്താവനകൾ സഭയ്ക്കകത്തും പുറത്തും ഈ വിഷയത്തിൽ കൊണ്ടുവന്നാൽ അതിനെ തള്ളി എല്ലാവരെയും യോജിപ്പിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പോത്തൻകോട് നടന്ന സംഭവം സംബന്ധിച്ച് എനിക്ക് പരിശോധിക്കണം. അതിനെക്കുറിച്ച് പെട്ടെന്ന് മറുപടി പറയാൻ കഴിയില്ല. ശ്രീ. പി. എ. മുഹമ്മദ് റിയാസ് പറഞ്ഞത് ശരിയാണ്. ഇവർ വളരെ ബുദ്ധിപരമായി പ്രവർത്തിക്കുന്നവരാണ്. ഒരു കിലോയിൽ കൂടുതൽ ലഹരിവസ്തുക്കൾ കൈവശമുണ്ടെങ്കിൽ ശിക്ഷ കൂടുതലാണ്. അപ്പോൾ ഇതിന്റെ അളവ് കുറയ്ക്കുന്നതിനായി ചെറിയ പാക്കറ്റുകളാക്കി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. തന്നെയുമല്ല, കേരള സർക്കാരിന്റെ ഈ പദ്ധതി ജൂലൈ രണ്ടാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തശേഷം അവരുടെ ഓപ്പറേഷന്റെ രീതി മാറ്റിയിരിക്കുകയാണ്. അവർ സമർത്ഥന്മാരാണ്. പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം വളരെ ശക്തമായി അത് കണ്ടെത്തി, അതിനനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനെക്കുറിച്ച് കൂടുതൽ വിശദമാക്കുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ വിശദമാക്കുന്നില്ല. വളരെ ബോധപൂർവമായ, ആസൂത്രിതമായ നീക്കമാണ് ഇവരുടെ ഭാഗത്തുനിന്ന് നടക്കുന്നത്. അതിനെ നമ്മൾ വളരെ ഗൗരവത്തോടെ കാണുകയും ശാസ്ത്രീയമായി കണ്ടെത്തുകയും ചെയ്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇവിടെ അങ്ങ് സൂചിപ്പിച്ച പോത്തൻകോടുള്ള കാര്യം ഞാൻ അന്വേഷിക്കാം. ഇപ്പോൾ എനിക്ക് അതിനെക്കുറിച്ച് അറിയില്ല. അതിന്റെ വിവരങ്ങൾ എന്റെ കൈവശമില്ല. ആര് കുറ്റകൃത്യം ചെയ്താലും ഒരുപോലുള്ള നടപടികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഒരു രാഷ്ട്രീയ ഇടപെടലും ഇക്കാര്യത്തിൽ ഈ സർക്കാർ അനുവദിക്കില്ലെന്ന് മുഖ്യമന്ത്രിതന്നെ ഉദ്ഘാടന യോഗത്തിൽ പറഞ്ഞതാണ്. അതുകൊണ്ട് അത്തരത്തിലുള്ള

യാതൊരു നടപടിയും ഉണ്ടാകില്ല. ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരുമിക്കാവുന്നതാണ്. ഇതിനകത്ത് ഒരു രാഷ്ട്രീയവുമില്ല, ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഇല്ല. കാരണം നമ്മുടെ ഭാവി തലമുറയെ രക്ഷിക്കാനുള്ള ഒരു മഹാദൗത്യമാണ് ഓപ്പറേഷൻ ഗുഫാൻ.

<u>ശ്രീമതി ഫാത്തിമ തഹിലിയ</u>: സർ, ഓപ്പറേഷൻ ഗുഫാൻ യഥാർത്ഥത്തിൽ കേരളത്തിലുള്ള മുഴുവൻ സ്ത്രീകൾക്കും ഒരാശ്വാസമായി മാറിയെന്നുള്ളത് വളരെ സന്തോഷപൂർവം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വാഭാവികമായി ഇത്തരത്തിലുള്ള വിഷയങ്ങൾ വരുമ്പോൾ പൊതുവിലെടുക്കാറുള്ള നിലപാട് ബോധവൽക്കരണമാണ്. സംസ്ഥാന സർക്കാർ പലപ്പോഴും ഈ വിഷയങ്ങളിൽ തങ്ങളുടേതായിട്ടുള്ള ഇടപെടലുകൾ നടത്താൻ മറന്നുപോകുമ്പോൾ, 'ഓപ്പറേഷൻ ഗുഫാൻ' എന്നുള്ള രൂപത്തിൽ ആളുകളുടെ ഇടയിലേക്ക് തങ്ങളുടെ ദൗത്യംകൂടി ഏറ്റെടുത്ത് മുന്നോട്ടുപോകുന്നതിൽ വളരെയധികം സന്തോഷിക്കുകയും സംസ്ഥാന സർക്കാരിനെ ആ വിഷയത്തിൽ അഭിനന്ദിക്കാനും ആഗ്രഹിക്കുകയാണ്. പൊതുജനങ്ങൾക്കിടയിൽ നമ്മൾ ഇത്തരത്തിൽ ബോധവൽക്കരണവും പരിശോധനയുമൊക്കെ നടത്തുമ്പോൾതന്നെ ചില പ്രത്യേക സ്ഥലങ്ങൾ, അതായത് ഗേറ്റുകൾ, സീപോർട്ടുകൾ, എയർപോർട്ടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഏത് രൂപത്തിലുള്ള പരിശോധനയാണ് നമ്മൾ നടത്താൻ ആഗ്രഹിക്കുന്നത്? കഴിഞ്ഞ സർക്കാരിന്റെ സമയത്ത് കൊച്ചിൻ സീ പോർട്ടലിൽ Methamphetamine എന്നുപറയുന്ന മയക്കുമരുന്ന് പിടിക്കപ്പെട്ടപ്പോൾ അത് പരസ്യമായി ആളുകളുടെ മുമ്പിൽ പ്രദർശിപ്പിക്കുകയും ആ പ്രദർശിപ്പിക്കപ്പെട്ട വസ്തുക്കളെ മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും കൈകാര്യം ചെയ്യാൻപറ്റുന്ന രൂപത്തിൽ, നിർലോപം ആളുകൾക്ക് സൗജന്യമായി അത് എടുത്തുകൊണ്ടുപോകാൻ പറ്റുന്ന രൂപത്തിൽ പ്രദർശിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നു. പിന്നീട് അതുമായി ബന്ധപ്പെട്ടിട്ടുള്ള കേസുകൾ പരിശോധിച്ച് നോക്കുമ്പോൾ പല കേസുകളും NDPS കോടതികളിലേക്ക് എത്തുമ്പോൾ പിടിക്കപ്പെട്ട ലഹരിവസ്തുവിന്റെ അളവും അവിടെനിന്ന് കോടതിയിലേക്ക് എത്തുന്ന ലഹരിവസ്തുവിന്റെ അളവും തമ്മിൽ വ്യത്യാസമുള്ളതായി ആ സമയങ്ങളിൽ

ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സാധാരണക്കാർക്കും മാധ്യമപ്രവർത്തകർക്കും ഒരുപക്ഷേ അതിനെക്കുറിച്ച് അറിവ് ഉണ്ടാകണമെന്നില്ല. പക്ഷേ ഇത്തരത്തിലുള്ള വസ്തുക്കൾ പിടിക്കപ്പെട്ടാൽ ഏതു രൂപത്തിലാണ് അത് കൈകാര്യം ചെയ്യേണ്ടത് എന്നുള്ളതിനെക്കുറിച്ചുള്ള പ്രോട്ടോകോൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ? അത് എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട പേരാമ്പ്ര അംഗം വളരെ പ്രസക്തമായ ഒന്നുരണ്ട് കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഒന്ന്, ആകാശത്തിലൂടെയും കരയിലൂടെയും കടലിലൂടെയും ട്രെയിനിലൂടെയും വ്യാപകമായ തോതിലാണ് ഈ മയക്കുമരുന്നുകൾ വന്നുകൊണ്ടിരിക്കുന്നത്. അത് തടയാൻവേണ്ടിയാണ് ഞാൻതന്നെ മുൻകൈയെടുത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കേന്ദ്ര ഏജൻസികളുടെയും യോഗം വിളിച്ചുകൂട്ടി അവരും കേരളാ പോലീസും തമ്മിൽ ഒരു സഹകരണം ഉണ്ടാക്കിക്കൊണ്ട് സംയുക്തമായ നിലയിലുള്ള റെയ്ഡുകളും വിവരങ്ങൾ കൈമാറലും അറസ്റ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും വേണ്ടി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിന് ഇന്റലിജൻസ് സംവിധാനം, കസ്റ്റംസ്, സെൻട്രൽ ഏജൻസികൾ എല്ലാം സഹായിക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. കടലിലൂടെയും ട്രെയിനിലൂടെയും വിമാനമാർഗവുമെല്ലാം ഇത് വരികയാണ്. ചില രാജ്യങ്ങളിൽ ചില മയക്കുമരുന്നുകൾക്ക് ടാക്സോ നിരോധനമോ ഇല്ല. പല രാജ്യങ്ങളിലും ഹൈബ്രിഡ് ഗഞ്ച ഉപയോഗിക്കാം. അതെല്ലാം ഇങ്ങോട്ട് വന്നുകൊണ്ടിരിക്കുകയാണ്. അഫ്ഗാനിസ്ഥാനിൽനിന്ന് ആരംഭിച്ച് പാകിസ്ഥാനിലൂടെ ഇന്ത്യയിൽ വന്ന് മറ്റ് നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലേക്ക് പോകുന്നു. ബർമയിൽനിന്ന് ഇന്ത്യയിലേക്ക് വരുന്നു. ഇങ്ങനെ പല തരത്തിലാണ് ഇത് വന്നുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തലത്തിലുള്ള മാഫിയയാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഇതൊരു ലാഭകരമായ ബിസിനസ്സാണ്. രണ്ടാമത്തെ പോയിന്റ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, പിടിക്കുന്ന അളവും കോടതിയിലെത്തുന്ന അളവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചാണ്. അതിന് കാരണം കള്ളക്കളി കളിക്കുന്ന ഉദ്യോഗസ്ഥന്മാരാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥരുടെ പേരിൽ കർശന

നടപടിയെടുക്കുമെന്നുകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ആ കൂട്ടത്തിൽ ഒരു പ്രധാനപ്പെട്ട കാര്യം, നിയമത്തിന്റെ ഒരു അപാകതയെക്കുറിച്ച് പല ചർച്ചകളിലും വന്നിട്ടുണ്ട്. കേന്ദ്ര നിയമമാണ് എന്നുള്ളതുകൊണ്ട് ആ അപാകത പരിഹരിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന് ചില പരിമിതികളുണ്ട്. പക്ഷെ നമ്മൾ കേരളീയർ ഇതിന്റെ ഏറ്റവും വലിയ വിഷമം അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളാണ്. അതുകൊണ്ട് നിയമത്തിന്റെ പോരായ്മകളുണ്ടെങ്കിൽ അത് കേന്ദ്ര ഗവൺമെന്റിന് മുമ്പിൽ കൊണ്ടുവന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ കേരളത്തിലെ ജനങ്ങളെ രക്ഷിക്കാനുള്ള ഒരു നിയമ നടപടിയിലേക്ക് പോകണം എന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും. അടുത്ത പാർലമെന്റ് സമ്മേളനത്തിനുമുമ്പ് എം.പി.-മാരുടെ യോഗം ഗവൺമെന്റ് വിളിച്ചുകൂട്ടും. ഞാൻ നേരത്തെ പറഞ്ഞതാണ് എം.പി.മാരുടെ യോഗത്തിൽ NDPS Act (Narcotic Drugs and Psychotropic Substances Act, 1985)-ന് ഭേദഗതിയുണ്ടാകണമെന്ന് ഞങ്ങൾ ഉന്നയിക്കും. പഴയ കാലമല്ല ഇത്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇന്ന് ഇത് വ്യാപകമായിട്ടുണ്ട്. ജമ്മുകാശ്മീരിൽ അവിടത്തെ മുഖ്യമന്ത്രിയും ഗവർണ്ണറും ഒരുമിച്ച് ഇറങ്ങിയിട്ടാണ് ഇത്തരത്തിലുള്ള ഒരു ഹണ്ട് നടത്തിയത്. അത്തരത്തിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളും നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണിത്. ഭാവിതലമുറയെ രക്ഷിക്കാൻവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളുടെ അനിവാര്യതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. അങ്ങ് പറഞ്ഞ കാര്യം തീർച്ചയായും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും, എം.പി.മാരോട് ആവശ്യപ്പെടും. കേന്ദ്രത്തിൽ സമ്മർദം ചെലുത്തുക എന്നുള്ളതല്ലാതെ സംസ്ഥാന സർക്കാരിന് കേന്ദ്ര ആക്റ്റിൽ ഭേദഗതി വരുത്താൻ കഴിയില്ലെന്ന് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സർക്കാർ ആരംഭിച്ച ഓപ്പറേഷൻ തൂഫാന്റെ കാര്യത്തിൽ ജനങ്ങൾക്കുള്ള സന്തോഷം ചെറുതല്ല. ജനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയെയും

സർക്കാരിനെയും അഭിനന്ദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പോയകാലം വിദ്യാലയങ്ങൾ അടച്ചുപൂട്ടുകയും മദ്യശാലകൾ തുറക്കുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു. ഉമ്മൻ ചാണ്ടിയുടെ ഭരണത്തിന്റെ അവസാനഘട്ടത്തിൽ 29 മദ്യശാലകളുണ്ടായിരുന്നത് 30 ഇരട്ടിയോളം പെരുകിയ ഒരു സാഹചര്യം കേരളത്തിലുണ്ടായി. മദ്യത്തിന്റെ ഉപയോഗം അത്രകണ്ട് ഇവിടെ വർധിച്ചുവന്നു എന്നാണ് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നത്. അതുകൊണ്ട് ഇതിന്റെ അളവ് ചുരുക്കിക്കൊണ്ടുവരാൻ മറ്റെന്തൊക്കെ ഇടപെടലാണ് സർക്കാർ നടത്താനാഗ്രഹിക്കുന്നത് എന്നറിയാൻ താൽപര്യമുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നമുക്കറിയാമല്ലോ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് പല നടപടികളും സ്വീകരിക്കുന്നുണ്ട്. ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരിക എന്നുള്ളതാണ് യു.ഡി.എഫ്. ഗവൺമെന്റ് ഏത് കാലത്തും എടുത്തിരിക്കുന്ന സമീപനം. പക്ഷെ ഇപ്പോൾ മദ്യമല്ല മയക്കുമരുന്നാണ് പ്രശ്നം. ഇത് പറയുന്നതിൽ എനിക്ക് വിഷമമുണ്ട്, ഇന്ന് കോളേജ് ഹോസ്റ്റലുകളുൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പെൺകുട്ടികളടക്കമുള്ളവർ ഇത് ഉപയോഗിക്കുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റി എടുത്ത ഒരു തീരുമാനം ഈ പശ്ചാത്തലത്തിൽ വലിയൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എൻ. ഷംസുദ്ദീനുമായി ഞാൻ ഈ വിഷയം സംസാരിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ബാഗ് അധ്യാപകർക്ക് പരിശോധിക്കാൻ പാടില്ല. അങ്ങനെയൊരു തീരുമാനം വരുന്നത് ശരിയാണോ? കുട്ടികളുടെ ബാഗുകളിലൊക്കെ നിരോധന പുകയില ഉൽപ്പന്നങ്ങൾ ഇടുകയാണ്. അധ്യാപകർക്ക് ഇത് പരിശോധിക്കാനുള്ള അവകാശമില്ലെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി നിർദേശം കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് മയക്കുമരുന്നിന്റെ വ്യാപനം തടയാൻവേണ്ടിയുള്ള വളരെ ശക്തമായ നടപടിയുണ്ടാകണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇവർ വളരെ ബുദ്ധിപരമായിട്ടാണ് ഇത് ചെയ്തുകൊണ്ടിരിക്കുന്നത്. പോലീസിന് പിടിക്കാൻപോലും കഴിയാത്ത നിലയിൽ ആസൂത്രിതവും ബുദ്ധിപൂർവവുമായ നിലയിലാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇത്

ഇന്റർനാഷണൽ മാഫിയയാണ്. അവർ കേരളത്തെ വിഴുങ്ങാൻ കാത്തിരിക്കുകയാണ്. അതിനെതിരായിട്ടുള്ള ശക്തമായ മുന്നേറ്റം നമുക്കെല്ലാവർക്കും ചേർന്ന് നടത്തണം.

## പ്രോജക്ട് സീറോ പദ്ധതി

4(*34) ശ്രീ. ജ്യോതികുമാർ ചാമക്കാല:
ശ്രീ. എൻ. ശക്തൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥരെ കുടുക്കാൻ പൊതുജന പങ്കാളിത്തത്തോടെ വിജിലൻസ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സർക്കാർ വകുപ്പുകൾക്കുമേൽ എ.ഐ. നിരീക്ഷണം ഏർപ്പെടുത്തി അഴിമതി ഇല്ലാതാക്കാനുള്ള 'പ്രോജക്ട് സീറോ' പദ്ധതി വിജിലൻസ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കേരളത്തെ അഴിമതിരഹിത സംസ്ഥാനമായി മാറ്റുക എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്നറിയിക്കാമോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) അഴിമതിക്കാരായ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് വിവരദാതാക്കളുടെ ഒരു ശൃംഖലതന്നെ വിജിലൻസ് ഒരുക്കിയിട്ടുണ്ട്. കൂടാതെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ തുടർച്ചയായി നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നവർക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

അഴിമതി നടത്തുന്നവരെ കൈയോടെ പിടിക്കുന്നതിലേക്കായി ട്രാപ്പ് കേസുകൾ

*23-06-2026*
*Question Hour*

കൂടുതലായി രജിസ്റ്റർ ചെയ്തുവരുകയും ആയതിലൂടെ അഴിമതി തടയുന്നതിലേക്ക് കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പരിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും 8592900900 എന്ന നമ്പരിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അഴിമതി വിമുക്ത കേരളം യാഥാർത്ഥ്യമാക്കുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ആവിഷ്കരിച്ച് നടപ്പാക്കുന്ന പുതിയ പദ്ധതിയായ “ പ്രോജക്ട് സീറോ” 26-05-2026-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രധാനമായും പ്രോ-ആക്റ്റീവ് വിജിലൻസ്, പ്രിവന്റീവ് വിജിലൻസ്, ഡിജിറ്റൽ വിജിലൻസ്, പാർട്ടിസിപ്പേറ്റീവ് വിജിലൻസ് എന്നീ നാല് മേഖലകളെ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നത്. പ്രോ-ആക്റ്റീവ് വിജിലൻസിന്റെ ഭാഗമായി അഴിമതി കണ്ടെത്താനും തടയാനുമായി കൂടുതൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തുകയും വിജിലൻസ് കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നതിന് പദ്ധതിയുണ്ട്. VACB-യുടെ അന്വേഷണ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി “ വിജിലൻസ് കേസ് ആൻഡ് എൻക്വയറി മാനേജ്മെന്റ് സിസ്റ്റം (VCEMS)” നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അന്വേഷണങ്ങളിൽ കൂടുതൽ സുതാര്യത, ഉത്തരവാദിത്വം, മേൽനോട്ടം, കാര്യക്ഷമത, കേസുകളുടെ വേഗത്തിലുള്ള തീർപ്പാക്കൽ എന്നിവ മെച്ചപ്പെടുത്തുക എന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. പ്രിവന്റീവ് വിജിലൻസിന്റെ ഭാഗമായി, അഴിമതി നടന്നതിനുശേഷം ഇടപെടുന്നതിന് പകരം അഴിമതി നടക്കാതിരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താനും വകുപ്പുതല റിസ്ക് ഓഡിറ്റുകൾ, സർക്കാർ നടപടിക്രമങ്ങൾ ലളിതമാക്കൽ, സുതാര്യമായ പർച്ചേസ് സംവിധാനങ്ങൾ,

*23-06-2026*
*Question Hour*

ഉദ്യോഗസ്ഥരുടെ റൊട്ടേഷൻ-നിരീക്ഷണ സംവിധാനങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ വിശ്വാസ്യത വിലയിരുത്തുന്ന ഇന്റഗ്രിറ്റി ഇൻഡക്സിങ് സംവിധാനം എന്നിവ നടപ്പാക്കാനും പദ്ധതിയിടുന്നു. ആരോപണവിധേയരായ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ നിലവിൽ സൂക്ഷിക്കുന്ന VACB ഡോസിയർ ലിസ്റ്റ് മറ്റ് വകുപ്പുകളുമായി പങ്കുവയ്ക്കപ്പെടാറില്ല. ഇതിന്റെ ഫലമായി, അത്തരം ഉദ്യോഗസ്ഥർ പലപ്പോഴും സുപ്രധാനവും അതീവ സെൻസിറ്റീവുമായ തസ്തികകളിൽ നിയമിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. ഇതൊഴിവാക്കാൻ സത്യസന്ധതയെയും ഔദ്യോഗിക കൃത്യവിലോപത്തെയും കുറിച്ച് പരാതികളോ സംശയങ്ങളോ നിലനിൽക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ചശേഷം ഒരു " Agreed List" ഉം " Officers of Doubtful Integrity (ODI)" പട്ടികയും തയ്യാറാക്കി പരിപാലിക്കാനും പദ്ധതിയിടുന്നു. ഡിജിറ്റൽ വിജിലൻസിന്റെ ഭാഗമായി, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള പരാതി വിശകലനം, സംശയാസ്പദ ഇടപാടുകളുടെ ഡാറ്റാ അനലിറ്റിക്സ്, റിസ്ക് മാപ്പിങ്, ഡിജിറ്റൽ ഡാഷ്ബോർഡുകൾ, ഓട്ടോമേറ്റഡ് മുന്നറിയിപ്പ് സംവിധാനങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗപ്പെടുത്തുകയും കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിജിറ്റൽ പരാതി സംവിധാനവും QR കോഡ് അടിസ്ഥാനമാക്കിയ റിപ്പോർട്ടിങ്, ഏകീകൃത കേസ് മാനേജ്മെന്റ് സംവിധാനം, റിയൽ ടൈം നിരീക്ഷണം, പ്രത്യേക സൈബർ വിജിലൻസ് യൂണിറ്റ് എന്നിവയും സജ്ജമാക്കാൻ പദ്ധതിയുണ്ട്. പാർട്ടിസിപ്പേറ്റീവ് വിജിലൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി, പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് മൊബൈൽ ആപ്പും വെബ് പോർട്ടലും ഉൾപ്പെടുന്ന പരാതി പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്താനും ഇതിലേക്കായി സിറ്റിസൺ-സെൻട്രിക് കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം (C3MS) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോം വികസിപ്പിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരാതിക്കാരുടെ സ്വകാര്യതയും വ്യക്തിഗത വിവരങ്ങളും സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുത്തും.

*23-06-2026*
*Question Hour*

പരാതികളോടൊപ്പം ചിത്രങ്ങൾ, ശബ്ദരേഖകൾ, വീഡിയോകൾ തുടങ്ങിയ അനുബന്ധ തെളിവുകൾ സമർപ്പിക്കാനാകും. പൊതുജനങ്ങളുടെ വിശ്വാസവും സുതാര്യതയും വർധിപ്പിക്കുന്നതിനായി പരാതി-ട്രാക്കിങ് സംവിധാനവും ഫീഡ്ബാക്ക് സംവിധാനവും ഇതിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ, പരാതികളുടെ ആഴത്തിലുള്ള വിശകലനത്തിനായി നിർമ്മിതബുദ്ധി (AI) സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതും ഇതിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിലൂടെ അഴിമതിസാധ്യതകളുടെ ഹീറ്റ് മാപ്പുകൾ തയ്യാറാക്കുകയും അഴിമതി പ്രവർത്തനങ്ങളിൽ സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഇന്റഗ്രിറ്റി റിസ്ക് പ്രൊഫൈൽ സൃഷ്ടിക്കുകയും ചെയ്യാൻ സാധിക്കും. പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെതന്നെ പരാതി നൽകാനുള്ള സംവിധാനവും വിസിൽ ബ്ലോവർ സംരക്ഷണവും ഇതിൽ ഉറപ്പുവരുത്തും. സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു കമ്മ്യൂണിറ്റി വിജിലൻസ് ശൃംഖലയും സോഷ്യൽ മീഡിയ ബോധവൽക്കരണ കാമ്പയിനുകളും ക്യാമ്പസുകളിൽ ആന്റി-കറപ്ഷൻ ക്ലബ്ബുകളും യുവജന പങ്കാളിത്ത പദ്ധതികളും നടപ്പാക്കും. അഴിമതി സംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നവർക്ക് പാരിതോഷികങ്ങളും സത്യസന്ധതയെ പ്രോത്സാഹിപ്പിക്കുന്നതിനായി " വിജിലൻസ് അവാർഡ്" നൽകുന്നതിനും ഈ പദ്ധതിയുടെ ഭാഗമായി ആലോചിക്കുന്നു. കൈക്കൂലി വാങ്ങുന്നത് ഒരു സാമൂഹിക അപമാനമാണെന്ന മൂല്യബോധം സർക്കാർ ഉദ്യോഗസ്ഥരിൽ ഉണ്ടാക്കിയെടുക്കുന്നതിനും ഉദ്യോഗസ്ഥരിൽ അഭിമാനബോധം വളർത്തുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. " പ്രോജക്റ്റ് സീറോ" അഴിമതിക്കെതിരെയുള്ള ഒരു പദ്ധതി മാത്രമല്ല, അഴിമതിക്കെതിരായ ഒരു സാമൂഹിക മുന്നേറ്റമാണ്. സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും കൈകോർക്കുമ്പോൾ മാത്രമേ അഴിമതിരഹിത കേരളം എന്ന ലക്ഷ്യം യാഥാർഥ്യമാകുകയുള്ളൂ.

(സി) സംസ്ഥാന സർക്കാർ സർവീസിൽനിന്നും അഴിമതി തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

അഴിമതി വിമുക്ത കേരളം യാഥാർഥ്യമാക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി

*23-06-2026*
*Question Hour*

കറപ്ഷൻ ബ്യൂറോ ആവിഷ്കരിച്ച് നടപ്പാക്കുന്ന പുതിയ പദ്ധതിയാണ് " പ്രോജക്ട് സീറോ" . പ്രധാനമായും പ്രോ-ആക്റ്റീവ് വിജിലൻസ്, പ്രിവന്റീവ് വിജിലൻസ്, ഡിജിറ്റൽ വിജിലൻസ്, പാർട്ടിസിപ്പേറ്റീവ് വിജിലൻസ് എന്നീ നാല് മേഖലകളെ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നത്.

വിജിലൻസ് കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി VACB-യുടെ അന്വേഷണ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുകയും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി " വിജിലൻസ് കേസ് ആൻഡ് എൻക്വയറി മാനേജ്മെന്റ് സിസ്റ്റം (VCEMS)" നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കൈക്കൂലിയായി പണം കൈപ്പറ്റുന്നവരെ കൈയോടെ പിടികൂടുന്നതിലേക്കായി ട്രാപ്പ് കേസുകൾ കൂടുതലായി രജിസ്റ്റർ ചെയ്ത് അതിലൂടെ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും 8592900900 എന്ന നമ്പറിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നതാണ്.

വിജിലൻസ് കേസുകളിലും അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വി.എ.സി.ബി. സ്യൂട്ടിൽ ശേഖരിച്ച് തുടർച്ചയായി

നിരീക്ഷിച്ചുവരുന്നുണ്ട്.

അഴിമതി തടയുന്നതിന്റെ ഭാഗമായി വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി എല്ലാ വർഷവും വിജിലൻസ് ബോധവൽക്കരണ വാരാചരണം നടത്തിവരുന്നുണ്ട്.

അഴിമതി നടന്നതിനുശേഷം അന്വേഷിക്കുക എന്നതിന് വ്യത്യസ്തമായി അതിന് അവസരം നൽകാതെ ആരംഭത്തിൽതന്നെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായുള്ള നടപടികളും വിജിലൻസ് ബ്യൂറോ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിക്കേണ്ട മാർഗങ്ങളെ സംബന്ധിച്ചും സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ആഭ്യന്തര-വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥർക്കായി വിദഗ്ധ ട്രെയിനിങ്ങും നൽകിവരുന്നുണ്ട്.

2018-ലെ അഴിമതിനിരോധന നിയമത്തിലെ ഭേദഗതിയുടെയും 2024-ൽ പ്രാബല്യത്തിൽവന്ന BNS, BNSS എന്നിവയുടെയും മറ്റ് കാലാനുസൃതമായ മാറ്റങ്ങളുടെയും അടിസ്ഥാനത്തിൽ പരിഷ്കരിച്ച വിജിലൻസ് മാന്വലിന്റെ കരട് വിശദമായ പരിശോധനയ്ക്കായി 09-03-2026-ലെ സ.ഉ.(സാധ)നം.48/2026/വിജി. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ടി കമ്മിറ്റി ആയത് പരിശോധിക്കുന്നതിനായി രണ്ട് തവണ യോഗം കൂടുകയും ചെയ്തിട്ടുണ്ട്.

വിജിലൻസിനെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി വിജിലൻസ് ആസ്ഥാനത്ത് സോഷ്യൽ മീഡിയാ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. ബ്യൂറോയെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിജിലൻസിലെ ഉദ്യോഗസ്ഥർക്ക് അന്വേഷണ മികവ് വർധിപ്പിക്കാനുള്ള പരിശീലനം ഇതിനോടകം നൽകിയിട്ടുണ്ട്. പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മികച്ച ഫലങ്ങൾ കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങൾ

നടപ്പാക്കിവരുന്നു.

പഴയ കേസുകൾ തീർപ്പാക്കുന്നതിനും കേസുകളുടെ അന്വേഷണം വേഗത്തിലാക്കാനും കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനുമായി, പുതുതായി വിജിലൻസ് കോടതികൾ സ്ഥാപിക്കുകയും കേസുകളുടെ വിചാരണ നടപടികൾ കാര്യക്ഷമമാക്കുന്നതിലേക്കായി നിലവിലുള്ള കോടതികളിലേക്ക് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ച് നിയമ നടപടികൾ ത്വരിതപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അഴിമതി സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിജിലൻസിന്റെ രഹസ്യാന്വേഷണ വിഭാഗം ഏറെ ജാഗ്രതയോടെ നടത്തിയ അന്വേഷണങ്ങളുടെ ഭാഗമായി നിരന്തരം അഴിമതിയും സ്വജനപക്ഷപാതവും ക്രമക്കേടുകളും നടത്തുകയും കൈക്കൂലി വാങ്ങുകയും ചെയ്യുന്ന 700-ഓളം സർക്കാർ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് വിജിലൻസ് തയ്യാറാക്കി നിരീക്ഷിച്ചുവരുന്നു.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, വിജിലൻസ് കേസുകളിൽ കുറ്റവാളികളായി കണ്ടെത്തുന്നവർ പലപ്പോഴും രക്ഷപ്പെടുന്ന സാഹചര്യങ്ങളുണ്ട്. അവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സംസ്ഥാന സർക്കാരിലെ ഉദ്യോഗസ്ഥരെ നിരീക്ഷിക്കാനും അഴിമതി നടത്തുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാനുമുള്ള നടപടികളാണ് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിച്ചുവരുന്നത്. ഇതിൽ ഒരു പ്രധാനപ്പെട്ട കാര്യം, 1960-കളിലാണ് വിജിലൻസ് മാന്വൽ ഉണ്ടാക്കിയത്, അത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. അത് പരിഷ്കരിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരുന്നു, അടുത്ത സഭാസമ്മേളനത്തിന് മുമ്പ് പുതിയ വിജിലൻസ് മാന്വൽ ഇറക്കിയിരിക്കും. അതുകൊണ്ട് പല തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. അങ്ങേയ്ക്കും അറിയാം. കാരണം ട്രാപ്പ് കേസുകളിലാണെങ്കിലും അല്ലാത്ത കേസുകളാണെങ്കിലും പഴയ മാന്വൽ അനുസരിച്ചാണ് നമ്മൾ പ്രവർത്തിക്കേണ്ടിവരുന്നത്. അതിൽ ഫലപ്രദമായ മാറ്റം

*23-06-2026*
*Question Hour*

വരുത്തണം. അഴിമതിവിമുക്ത കേരളം യാഥാർത്ഥ്യമാക്കുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഒരു പുതിയ പദ്ധതിയായ 'പ്രോജക്ട് സീറോ' 26-05-2026-ന് ഉദ്ഘാടനം ചെയ്തു. വിജിലൻസ് നിരീക്ഷണത്തിന്റെ ഫലമായി ഇത് ഉദ്ഘാടനം ചെയ്ത് മൂന്ന് ദിവസത്തിനകംതന്നെ ചേർത്തല ഡിവൈ.എസ്.പി.-യെ അമ്പതിനായിരം രൂപ കൈക്കൂലി വാങ്ങിയതിന് നേരിട്ട് പിടിച്ചു. ഒരു ഡിവൈ.എസ്.പി.-യെതന്നെ സസ്പെൻഡ് ചെയ്ത സംഭവമുണ്ടായി. പ്രോജക്ട് സീറോ എന്ന പദ്ധതി വളരെ ഫലപ്രദമാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം വിജിലൻസ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. അഴിമതിരഹിത കേരളം സൃഷ്ടിക്കാൻവേണ്ടിയുള്ള ലക്ഷ്യമാണ് ഞങ്ങൾ സ്വീകരിക്കുന്നത്.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, സ്ഥിരം അഴിമതിക്കാരെ നിരീക്ഷിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ; വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അവർക്ക് വാഹനങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രധാനമായും പ്രോ-ആക്റ്റീവ് വിജിലൻസ്, പ്രിവന്റീവ് വിജിലൻസ്, ഡിജിറ്റൽ വിജിലൻസ്, പാർട്ടിസിപ്പേറ്റീവ് വിജിലൻസ് എന്നീ നാല് മേഖലകളെ കേന്ദ്രീകരിച്ചാണ് ഞങ്ങൾ ഈ പുതിയ പദ്ധതിയായ പ്രോജക്ട് സീറോ നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നത്. പൊതുജനങ്ങളിൽനിന്ന് പരാതി ലഭിക്കുന്ന സാഹചര്യത്തിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുകയാണ്. ഇതിൽ വന്നിരിക്കുന്ന ഒരു പ്രശ്നം കേന്ദ്ര ഗവൺമെന്റ് ഒരു നിയമം കൊണ്ടുവന്നു. ഇന്ത്യയിലെതന്നെ അഴിമതി നിരോധനത്തിന് ഏറ്റവും വലിയ വിഘാതം സൃഷ്ടിച്ചത് നരേന്ദ്ര മോദി ഗവൺമെന്റ് കൊണ്ടുവന്ന ഒരു നിയമമാണ്. PC (Prevention of Corruption) Act-ൽ വരുത്തിയ ഭേദഗതി പ്രകാരം ഒരാളിന്റെ പേരിൽ നടപടിയെടുക്കണമെങ്കിൽ അപ്പോയിന്റിങ് അതോറിറ്റിയുടെ സാങ്ഷൻ വേണം. അതില്ലാതെ ഒരാളുടെ പേരിൽ എഫ്.ഐ.ആർ. എടുക്കാനോ കേസുമായി മുന്നോട്ടുപോകാനോ കഴിയില്ല.

*23-06-2026*
*Question Hour*

അത് ഇന്ത്യയിലുടനീളം ഒരു വലിയ പ്രശ്നമാണ്. സുപ്രീംകോടതിയിൽ എന്റെ ഒരു കേസ് നിലവിലുണ്ട്. PC Act-ലെ ഈ ഭേദഗതി ഇന്ത്യയിലെ അഴിമതി നിരോധനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ് എന്ന് ഉന്നയിച്ചുകൊണ്ട് ശ്രീ. പ്രശാന്ത് ഭൂഷൺ കൊടുത്ത കേസിൽ ഞാൻകൂടി കക്ഷിചേരുകയാണ് ചെയ്തത്. ഇത് വലിയ അപകടമാണ്. എങ്ങനെ അഴിമതി തടയും? വിജിലൻസ് ഒരു അഴിമതി കണ്ടെത്തി ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ മുന്നോട്ടുപോകുമ്പോൾ സാങ്ഷൻ വേണ്ടിവരും. അത് നൽകേണ്ടത് അപ്പോയിന്റിങ് അതോറിറ്റിയാണ്. മന്ത്രിക്കെതിരെയാണെങ്കിൽ അപ്പോയിന്റിങ് അതോറിറ്റി ഗവർണ്ണറാണ്, ഉദ്യോഗസ്ഥനാണെങ്കിൽ മേലുദ്യോഗസ്ഥനാണ്. അങ്ങനെ ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ പേരിൽ സാങ്ഷൻ കൊടുക്കേണ്ടത് അവരുടെ അപ്പോയിന്റിങ് അതോറിറ്റിയായി മാറുമ്പോൾ പല അഴിമതി കേസുകളും സാങ്ഷൻ കൊടുക്കാതെ കിടക്കുന്നു എന്നത് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലുടനീളം വലിയൊരു പ്രശ്നമാണെന്നുകൂടി ഞാൻ സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. എൻ. ശക്തൻ: സർ, സമൂഹത്തിൽനിന്ന് അഴിമതി തുടച്ചുനീക്കേണ്ടത് അത്യാവശ്യമാണ്. ചില സർക്കാരുദ്യോഗസ്ഥർ അഴിമതി നടത്തുന്നതിനുവേണ്ടി പല ഫയലുകളും അപേക്ഷകളും മനഃപൂർവം വച്ചുതാമസിപ്പിക്കുന്നുണ്ട്. ബന്ധപ്പെട്ടവർ വന്ന് കാണേണ്ട രീതിയിൽ കണ്ടുകഴിഞ്ഞാലേ ആ ഫയൽ നീങ്ങുകയുള്ളൂ. വച്ചുതാമസിപ്പിക്കുന്നതും കാലതാമസമുണ്ടാക്കുന്നതും അഴിമതിയായി കണ്ടുകൊണ്ട് നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: Sir, inordinate delay will amount to corruption. തീർച്ചയായും കാലതാമസം വരുത്തി ആളുകൾ വന്ന് കാണാൻവേണ്ടി കാത്തിരിക്കുന്ന ഉദ്യോഗസ്ഥരെയും ഈ നിരീക്ഷണ വലയത്തിൽ ഉൾപ്പെടുത്തുമെന്ന് പറയാനാഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരവേള കഴിഞ്ഞു.)